6
2021
ഡിസംബർ
തിങ്കൾ
1197
വൃശ്ചികം 21

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 199 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-199 പേജ് 4. വില 2.00 രൂപ




02 ഐക്യത്തിന് ആഹ്വാനവുമായി മാർപാപ്പ: സഭകൾ തമ്മിൽ ബന്ധം ദൃഢമാക്കണം

03 വീട്ടിൽ സോളാർ പ്ലാന്റ് സ്ഥാപിക്കാൻ അനെർട്ടിന്റെ 'സൗരതേജസ്' പദ്ധതി

04 യാത്രക്കാരെ സുരക്ഷിതമായി വരവേൽക്കാൻ ആരോഗ്യ വകുപ്പ് : വീണാ ജോർജ്

# നാഗാലാൻഡ് വെടിവയ്പ്പ്: 15 മരണം; സൈനിക ക്യാംപിനു നേരെ ആക്രമണം



കൊഹിമ : നാഗാലാൻഡിലുണ്ടായ വെടിവയ്പ്പിൽ ഗ്രാമീണർ കൊല്ലപ്പെട്ട സംഭവത്തിൽ അസം റൈഫിൾസ് ക്യാംപ് അടിച്ചുതകർത്ത് ജനക്കൂട്ടം. സംഭവത്തിൽ ഒരു ഗ്രാമവാസി കൂടെ കൊല്ലപ്പെട്ടതോടെ മരണസംഖ്യ 15 ആയി ഉയർന്നു. ഒരു കൊലപാതക കേസും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ തുടർന്ന് നാഗാലാൻഡിലെ മോൺ ജില്ലയിൽ കർഫ്യു പ്രഖ്യാപിച്ച് ഉത്തരവായി. മൽ ഇന്റർനെറ്റ് സേവനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തി. സംഭവത്തെ അപലപിച്ച മുഖ്യമന്ത്രി നെയ്ഫു റിയോ സംഭവം അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ചു. നാഗാലാൻഡ് ഗവർണർ ജഗ്ദീഷ് മുഖി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ എന്നിവരും നടുക്കം രേഖപ്പെടുത്തി. ഇതിനിടെ ഗ്രാമീണർ മരിക്കാനിടയായ സാഹചര്യത്തിൽ കടുത്ത വിമർശനവുമായി ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജിയും കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും രംഗത്തെത്തി. മ്യാൻമറുമായി അതിർത്തി പങ്കിടുന്ന മോൺ ജില്ലയിലെ ഒട്ടിങ് ഗ്രാമത്തിലാണ് 13 ഗ്രാമീണർ കൊല്ലപ്പെട്ടത്. ശനിയാഴ്ച വൈകിട്ട് കൽക്കരി ഖനിയിൽനിന്നും ജോലി കഴിഞ്ഞു മടങ്ങുകയായിരുന്ന തൊഴിലാളികളാണ് കൊല്ലപ്പെട്ടത്. വിഘടനവാദികൾക്കായി തിരച്ചിൽ നടത്തുകയായിരുന്നു സൈന്യം. ഒരു സൈനികനും കൊല്ലപ്പെട്ടു. നിരവധി സൈനികർക്കും ഗ്രാമീണർക്കും പരുക്കേറ്റിട്ടുമുണ്ട്. ഗ്രാമീണർ കൊല്ലപ്പെട്ടതിൽ സൈന്യം ഖേദം പ്രകടിപ്പിച്ചിരുന്നു. സംഭവത്തെ കുറിച്ചു വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടതായി സൈന്യം അറിയിച്ചു.

## സ്വകാര്യ റിസോർട്ടിലെ ലഹരിപ്പാർട്ടി: കൊലക്കേസ് പ്രതിയടക്കം 20 പേർ പിടിയിൽ

തിരുവനന്തപുരം : കാരക്കാട്ടെ സ്വകാര്യ റിസോർട്ടിൽ നടന്ന ലഹരിപ്പാർട്ടിയിൽ പങ്കെടുത്ത ഇരുപതോളം പേർ കസ്റ്റഡിയിൽ. എക്സൈസ് എൻഫോഴ്സ്മെന്റ് നടത്തിയ പരിശോധയിലാണ് സ്ത്രീയും കൊലക്കേസ് പ്രതിയും അടക്കം ഇരുപതോളം പേർ പിടിയിലായത്. ഹഷീഷ് ഓയിൽ, എംഡിഎംഎ, മറ്റു ലഹരി വസ്തുക്കൾ എന്നിവ പിടിച്ചെടുത്തു. 'നിർവാണ' എന്ന കൂട്ടായ്മയാണ് പാർട്ടി സംഘടിപ്പിച്ചത്. ഇന്നലെ രാവിലെ ആറിന് തുടങ്ങിയ ലഹരി പാർട്ടി ഇന്ന് ഉച്ച വരെ നീണ്ടു. ആര്യനാട് സ്വദേശ് അക്ഷയ് മോഹൻ ആണ് ലഹരിപ്പാർട്ടി സംഘടിപ്പിച്ചത്.

സ്ത്രീകൾ അടക്കം നിരവധി പേർ ലഹരിപ്പാർട്ടിയിൽ പങ്കെടുക്കുന്നുണ്ടെന്ന വിവരമറിഞ്ഞ് എക്സൈസ് ഉദ്യോഗസ്ഥർ എത്തുമ്പോഴും പാർട്ടി നടക്കുകയായിരുന്നു. മുൻപും ഇവിടെ പാർട്ടി നടന്നിട്ടുണ്ടായിരുന്നു. ഇതു സംബന്ധിച്ചു നിരവധി പരാതികൾ എക്സൈസിനു ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് റിസോർട്ടിനെ നിരീക്ഷിച്ചു വരികയായിരുന്നു. ഇന്നലെയും ഇന്നും പാർട്ടി നടക്കുന്നുണ്ടെന്നു ലഭിച്ച രഹസ്യവിവരത്തെ തുടർന്നാണ് ഇന്നു ഉച്ചയ്ക്ക് പരിശോധന നടത്തിയത്.

നാഗാലാൻഡ് വെടിവയ്പ് സംബന്ധിച്ച് അന്വേഷിക്കാൻ സംസ്ഥാന സർക്കാർ അഞ്ച് അംഗ സംഘത്തെ നിയോഗിച്ചു. നാഗാലാൻഡിൽ സുരക്ഷാസേനയുടെ വെടിയേറ്റ് 13 ഗ്രാമീണരാണ് കൊല്ലപ്പെട്ടത്. മോൺ ജില്ലയിലെ ഒട്ടിംഗ് ഗ്രാമത്തിൽ ശനിയാഴ്ച രാത്രിയാണ് സംഭവം.

ട്രക്കിൽ സഞ്ചരിക്കുകയായിരുന്ന ഗ്രാമീണരാണ് കൊല്ലപ്പെട്ടത്. രണ്ടുപേർക്ക് പരിക്കേറ്റു. വിഘടനവാദികൾ എന്ന് തെറ്റിദ്ധരിച്ച് സുരക്ഷാസേന ആളുമാറി വെടിവച്ചതാണെന്നാണ് റിപ്പോർട്ട്.

ഇതിൽ പ്രതിഷേധിച്ച് ഗ്രാമീണർ ആസാം റൈഫിൾസ് ക്യാമ്പ് ആക്രമിച്ചു. സംഭവത്തിന് പിന്നാലെ മേഖലയിലെ ഇൻറർനെറ്റ് സേവനം റദ്ദാക്കി. 200 പേരടങ്ങിയ സംഘമാണ് ആസാം റൈഫിൾസ് ക്യാമ്പിന് നേരെ ആക്രമണം നടത്തിയത്.

## സിലബസ് പരിഷ്കരണം: പാഠ്യേതര വിഷയങ്ങൾക്കും പ്രാധാന്യം നൽകുമെന്ന് മന്ത്രി

തിരുവനന്തപുരം: സാമൂഹ്യപ്രതിബദ്ധതയുള്ള വിഷയങ്ങൾക്കു മുന്തിയ പരിഗണന നൽകി വിദ്യാർത്ഥികൾക്കുള്ള സിലബസ് പരിഷ്ക്കരിക്കുമെന്നു വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. ദേശീയ ഊർജ്ജ സംരക്ഷണ പക്ഷാചരണത്തിന്റെ ഭാഗമായി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെയും കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെയും നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ചിത്രരചനാ മത്സരത്തിന്റെ സംസ്ഥാനതല മത്സരങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമൂഹവുമായി ഇഴുകിച്ചേരാനും കാർഷിക രംഗത്ത് ഇടപെടൽ നടത്താനും മണ്ണിന്റെ മണമറിഞ്ഞ് നല്ല മനുഷ്യന്റെ മുഖമാകുന്നതിനുമെല്ലാം വിദ്യാർത്ഥികളെ പ്രാപ്തരാക്കും. വിദ്യാർത്ഥികളുടെ സർഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്രബോധം വളർത്തുന്നതിനും ഉതകുന്നതരത്തിൽ പാഠ്യേതര വിഷയങ്ങൾക്കുകൂടി സിലബസ് പരിഷ്ക്കരണഘട്ടത്തിൽ പ്രാധാന്യം നൽകുമെന്നും മന്ത്രി പറഞ്ഞു.

സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികാഘോഷം ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി 'എനർജി എഫിഷ്യന്റ് ഇന്ത്യ ക്ലീനർ പ്ലാനറ്റ്' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ചിത്രരചനാ മത്സരം സംസ്ഥാനത്ത് 41 കേന്ദ്രങ്ങളിൽ നടന്നു.

ഉദ്ഘാടന വേദിയിൽവച്ച് എനർജി മാനേജ്മെന്റ് സെന്ററിന്റെ ന്യൂസ് ലെറ്ററും മന്ത്രി പ്രകാശനം ചെയ്തു. കോട്ടൺഹിൽ സ്കൂളിൽ നടന്ന ചടങ്ങിൽ കൗൺസിലർ രാഖി രവികുമാർ, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ എം കെ ഷൈമോൻ, എൻടിപിസി കായംകുളം എച്ച്ആർ മാനേജർ എം ബാലസുന്ദരം,സ്കൂൾ പ്രിൻസിപ്പാൾ എം ബീന തുടങ്ങിയവർ പങ്കെടുത്തു.

ഊർജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു വിദ്യാർഥികളിൽ അവബോധം പകരുന്നതിനും പ്രോത്സാഹനം നൽകുന്നതിനും വിദ്യാഭ്യാസ വകുപ്പ് ശ്രമങ്ങൾ നടത്തിവരികയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എനർജി മാനേജ്മെന്റ് സെന്റർ, എൻടിപിസി കായംകുളം, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണു മത്സരങ്ങൾ സംഘടിപ്പിച്ചത്.

## അട്ടപ്പാടിക്ക് സ്പെഷ്യൽ ഇന്റർവെൻഷൻ പ്ലാൻ: മന്ത്രി വീണാ ജോർജ്

അട്ടപ്പാടിക്കായി സ്പെഷ്യൽ ഇന്റർവെൻഷൻ പ്ലാൻ തയ്യാറാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ദീർഘകാലാടിസ്ഥാനത്തിൽ ആദിവാസി സമൂഹത്തിന്റെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സ്ത്രീകൾ, കുട്ടികൾ, കൗമാരപ്രായക്കാർ എന്നിവരെ പ്രത്യേകം ശ്രദ്ധിക്കും. അങ്കണവാടി വർക്കർമാർ, ഹെൽപർമാർ, ആശാപ്രവർത്തകർ, അഭ്യസ്ഥവിദ്യരായ സ്ത്രീകൾ എന്നിവരെ ഉൾക്കൊള്ളിച്ച് 175 അങ്കണവാടികളുമായി ബന്ധപ്പെട്ട് 'പെൻട്രിക കൂട്ട്' എന്ന കൂട്ടായ്മ ഉണ്ടാക്കും. ഉത്തരവാദിത്ത സാമൂഹിക ഇടപെടലിന് ഈ കൂട്ടായ്മ സഹായിക്കും. അവരുടെ ഭാഷയിൽ ബോധവത്ക്കരണം ശക്തമാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

അട്ടപ്പാടിയിൽ ഇപ്പോഴുള്ള 426 ഗർഭിണികളിൽ 218 പേർ ആദിവാസി വിഭാഗത്തിൽപ്പെട്ടവരാണ്. ഇവരിൽ ഹൈ റിസ്ക് വിഭാഗത്തിലുള്ളവരുമുണ്ട്. രക്തസമ്മർദം, അനീമിയ, തൂക്കക്കുറവ്, സിക്കിൾസൻ അനീമിയ തുടങ്ങിയ പല രോഗങ്ങളുള്ളവരുമുണ്ട്. ഇവർക്ക് വ്യക്തിപരമായി ആരോഗ്യ പരിചരണം ഉറപ്പാക്കും. മൂന്ന് മാസം കഴിയുമ്പോൾ ഇതേ രീതിയിൽ വീണ്ടും പുതിയ ഹൈ റിസ്ക് വിഭാഗത്തെ കണ്ടെത്തും. അഗളി, കോട്ടത്തറ ആശുപത്രികൾ, ഊരുകൾ എന്നിവിടങ്ങളിൽ മന്ത്രി സന്ദർശിച്ചു. ഫീൽഡുതല പ്രവർത്തനങ്ങൾ വിലയിരുത്തി. ബോഡിചാള ഊരിലെ പാട്ടിയമ്മ, മൂപ്പൻ മുതൽ പഴയ തലമുറയിലേയും പുതു തലമുറയിലെയും ആളുകളുമായും ആദിവാസി സമൂഹത്തിലെ വിവിധ ആളുകളുമായും മന്ത്രി ആശയ വിനിമയം നടത്തി.

## രാജസ്ഥാനിൽ ഒൻപത് പേർക്ക് ഒമിക്രോൺ; രാജ്യത്ത് കേസുകൾ 21 ആയി

ജയ്പുർ: രാജ്യത്ത് വീണ്ടും ഒമിക്രോൺ കേസുകൾ റിപ്പോർട്ട് ചെയ്തു. രാജസ്ഥാനിൽ ഒരു കുടുംബത്തിലെ ഒൻപത് പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ഇതോടെ രാജ്യത്ത് ഒമിക്രോൺ കേസുകൾ 21 ആയി. രാജസ്ഥാനിലെ ജയ്പുരിലാണ് രോഗം സ്ഥിരീകരിച്ചത്. ദക്ഷിണാഫ്രിക്കയിൽനിന്നും നവംബർ 15ന് എത്തിയതാണ് ഇവർ. ഇന്ന് മഹാരാഷ്ട്രയിൽ ഏഴ് പേർക്കും ഡൽഹിയിൽ ഒരാൾക്കും ഒമിക്രോൺ സ്ഥിരീകരിച്ചിരുന്നു.

മഹാരാഷ്ട്രയിൽ ഇതുവരെ എട്ട് പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചിരിക്കുന്നത്. ഇന്ന് രോഗം സ്ഥിരീകരിച്ച നാല് പേർ വിദേശത്തുനിന്നും എത്തിയവരാണ്. മൂന്ന് പേർ ഇവരുമായി സന്പർക്കത്തിൽ ഏർപ്പെട്ടവരാണെന്നും മഹാരാഷ്ട്ര ആരോഗ്യവകുപ്പ് അറിയിച്ചു.

രാജ്യത്ത് കർണാടകയിലാണ് ആദ്യം ഒമിക്രോൺ സ്ഥിരീകരിക്കുന്നത്. കർണാടകയിൽ രണ്ട് പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. പിന്നാലെ ഗുജറാത്തിലും മഹാരാഷ്ട്രയിലും ഓരോരുത്തർക്ക് വീതം രോഗം സ്ഥിരീകരിച്ചിരുന്നു.

## ആർഎസ്എസ് വളരാൻ വർഗീയ കലാപങ്ങളെ ആശ്രയിക്കുന്നു: മുഖ്യമന്ത്രി

ആലപ്പുഴ: ആർഎസ്എസിനെ കടന്നാക്രമിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. സ്വന്തം വളർച്ചയ്ക്ക് ആർഎസ്എസ് കലാപങ്ങളെയും സംഘർഷങ്ങളെയും ഉപയോഗിക്കുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വർഗീയതയിൽ അഭിരമിക്കുന്നവരാണ് ആർഎസ്എസുകാർ. തലശേരിയിലെ ആർഎസ്എസ് മുദ്രാവാക്യം അംഗീകരിക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു.

തലശേരിയിലെ സംഘപരിവാർ പ്രകടനത്തിൽ കേരളത്തിൽ കേൾക്കരുതാത്ത മുദ്രാവാക്യം മുഴക്കി. ഇന്ത്യപാക് ക്രിക്കറ്റിൽ ഇന്ത്യ തോറ്റാൽ അതും ആർഎസ്എസ് വർഗീയപ്രചരണത്തിന് ഉപയോഗിക്കുന്നു.

സംഘപരിവാർ പറയുന്നത് കോൺഗ്രസ് അതേപടി ആവർത്തിക്കുന്നുവെന്നും പിണറായി കൂട്ടിച്ചേർത്തു.

## മരയ്ക്കാർ ടെലഗ്രാമിലൂടെ പ്രചരിപ്പിച്ചു; കാഞ്ഞിരപ്പള്ളി സ്വദേശി പിടിയിൽ

കോട്ടയം: മോഹൻലാൽ ചിത്രം 'മരയ്ക്കാർ അറബിക്കടലിൻറെ സിംഹം' വ്യാജ പതിപ്പ് ടെലഗ്രാമിൽ പ്രചരിപ്പിച്ചയാൾ പിടിയിൽ. കാഞ്ഞിരപ്പള്ളി സ്വദേശി നഫീസാണ് പിടിയിലായത്.

സിനിമ കമ്പനി എന്ന ആപ്പിലൂടെയാണ് വ്യാജപതിപ്പ് പ്രചരിപ്പിച്ചത്. കാഞ്ഞിരപ്പള്ളി പോലീസിൻറെ സഹായത്തോടെ ജില്ലാ സൈബർ പോലീസ് സംഘമാണ് പ്രതിയെ കണ്ടെത്തി പിടികൂടിയത്.

## ബാങ്കിങ് പരിഷ്ക്കാരം ജനവിരുദ്ധം: എ വിജയരാഘവൻ

തൃശൂർ: ബാങ്കിങ് മേഖലയിലെ പുതിയ പരിഷ്കാരങ്ങൾ തൊഴിലാളി വിരുദ്ധവും ജനവിരുദ്ധവുമാണെന്ന് എൽഡിഎഫ് കൺവീനർ എ വിജയരാഘവൻ. നിക്ഷേപകരുടെ പണം ദുരുപയോഗം ചെയ്യാൻ ബാങ്കുകൾക്ക് അവസരമൊരുക്കി കൊടുക്കുകയാണ് ബാങ്കിങ് മേഖലയിലെ പരിഷ്കരണത്തിലൂടെ കേന്ദ്ര സർക്കാർ ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. തൃശൂർ സിഎസ്ബി ബാങ്കിന്റെ ജനകീയ സ്വഭാവം പുനഃസ്ഥാപിക്കണം എന്നാവശ്യപ്പെട്ട് ട്രേഡ് യൂണിയൻ ഐക്യവേദി സംഘടിപ്പിക്കുന്ന ത്രിദിന പണിമുടക്കിനു മുന്നോടിയായി ചേർന്ന സംസ്ഥാനതല ബഹുജന കൺവൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൊള്ളലാഭത്തിനായി ബാങ്കിനെ പിടിച്ചെടുത്ത് തൊഴിലാളികളുടെ ജീവിതസാഹചര്യവും ബാങ്കിന്റെ നിലനിൽപ്പും ഇല്ലാതാക്കുന്ന സിഎസ്ബി അധികാരികൾക്കുമുന്നിൽ മുട്ടുമടക്കില്ലെന്ന പ്രഖ്യാപനമായി കൺവൻഷൻ മാറി. പി ബാലചന്ദ്രൻ എംഎൽഎ അധ്യക്ഷനായി. ബെഫി സംസ്ഥാന പ്രസിഡന്റ് ടി നരേന്ദ്രൻ സമരാവലോകനം നടത്തി. സിഐടിയു ദേശീയ സെക്രട്ടറി കെ ചന്ദ്രൻപിള്ള, ജില്ലാ സെക്രട്ടറി യു പി ജോസഫ്, പ്രസിഡന്റ് കെ കെ രാമചന്ദ്രൻ എംഎൽഎ, കെ ജി ശിവാനന്ദൻ (എഐടിയുസി), ജോൺസൻ ആവോക്കാരൻ (ഐഎൻടിയുസി), കൃഷ്ണൻ (ബിഎംഎസ്), സി ഡി ജോസൻ, ലതീഷ്കുമാർ, ജോസഫ് കുര്യാക്കോസ്, ജെറിൻ കെ ജോൺ, ബാബു മൊയലൻ എന്നിവർ സംസാരിച്ചു.

ഓഹരി കൈമാറ്റത്തിലൂടെ വിദേശ ബാങ്കായി മാറിയ സിഎസ്ബി മാനേജ്മെന്റ്, ജീവനക്കാർക്കെതിരെ തുടർച്ചയായി സ്വീകരിക്കുന്ന പ്രതികാര നടപടികൾ പിൻവലിക്കുക, വ്യവസായതല വേതന പരിഷ്കരണം നടപ്പാക്കുക, താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക, താൽക്കാലിക ജീവനക്കാരുടെ വേതനം വർധിപ്പിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് ട്രേഡ് യൂണിയൻ ഐക്യവേദിയുടെ നേതൃത്വത്തിലാണ് ഡിസംബർ 30, 31, ജനുവരി ഒന്ന് തീയതികളിൽ അഖിലേന്ത്യാ പണിമുടക്ക് നടത്തുന്നത്.

## സംസ്ഥാനത്ത് എല്ലാ റോഡുകളും നന്നാവണം: മന്ത്രി പി എ മുഹമ്മദ് റിയാസ്

കോഴിക്കോട്: സംസ്ഥാനത്തെ റോഡുകൾ ഏത് വകുപ്പിന്റെ കീഴിലാണ് എന്നത് ജനങ്ങൾക്ക് അറിയേണ്ട കാര്യമില്ലെന്നും എല്ലാ റോഡുകളും നന്നാവണമെന്നും പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ്. സംസ്ഥാനത്ത് ആകെയുള്ള ഒന്നര ലക്ഷത്തിലധികം കിലോമീറ്റർ റോഡിൽ ഒരു ലക്ഷം കിലോമീറ്ററിൽ അധികം റോഡുകൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലല്ല. എന്നാൽ ഇക്കാര്യത്തിൽ തങ്ങളെ ഏൽപ്പിച്ച പ്രവർത്തനം മികച്ച രീതിയിൽ നടപ്പാക്കാനുള്ള ശ്രമമാണ് നടത്തുന്നതെന്നും അദ്ദേഹം കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു.

സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് വർക്കിങ് കലണ്ടർ കൊണ്ടുവരും. ജൂൺ മുതൽ ഒക്ടോബർ വരെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ശേഷം ഒക്ടോബർ മാസം മുതൽ റോഡ് പണി നടത്തും. റോഡുകളിലെ അവസ്ഥ ഉദ്യോഗസ്ഥർ നേരിട്ട് പോയി പരിശോധിക്കുന്നതിന്റെ ഫോട്ടോ അടക്കമുള്ള റിപ്പോർട്ട് എല്ലാമാസവും നൽകണമെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ ഒന്നര ലക്ഷത്തിലധികം കിലോമീറ്റർ റോഡുള്ളതിൽ 32,000 കിലോമീറ്റർ മാത്രമാണ് പൊതുമരാമത്ത് വകുപ്പിന്റെ റോഡ്. ഏകദേശം ഒരുലക്ഷം കിലോമീറ്ററിൽ അധികം പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളല്ല. പക്ഷേ ജനങ്ങളെ സംബന്ധിച്ച് എല്ലാ റോഡുകളും നന്നാവുകയാണ് വേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി.

വടകര റസ്റ്റ് ഹൗസിൽ മദ്യക്കുപ്പി കണ്ടെത്തിയ സംഭവത്തിൽ താൽക്കാലിക ജീവനക്കാർക്കെതിരെ നടപടിയെടുത്തതിൽ തെറ്റില്ല. റസ്റ്റ് ഹൗസിനെ സംബന്ധിച്ച് മറ്റു ചില പരാതികളും ലഭിച്ചിരുന്നു. സംഭവവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് വന്നിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥിരം ജീവനക്കാരുടെ കാര്യത്തിൽ നടപടികൾ പരിശോധിക്കും. പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകൾ നവീകരിക്കാനും ഓൺലൈൻ ബുക്കിങ് ഉറപ്പുവരുത്താനും ശുചിത്വം ഉറപ്പാക്കാനും നടപടികളുമായി മുന്നോട്ട് പോവുകയാണ് സർക്കാർ.

ഓൺലൈൻ ബുക്കിങ്ങിൽ വൻ വർധനവാണ് ഉണ്ടായിട്ടുള്ളത്. കുടുംബങ്ങൾ താമസിക്കാനെത്തുമ്പോൾ റസ്റ്റ് ഹൗസുകളിൽ തെറ്റായ പ്രവണതയുണ്ടെങ്കിൽ അത് മോശമാണ്. സർക്കാർ നിലപാട് അംഗീകരിക്കാതെ തങ്ങൾ ഇങ്ങനെയൊക്കെയേ പോകൂ എന്ന സമീപനം ചിലർ എടുത്താൽ എന്താണ് ചെയ്യേണ്ടതെന്നും മന്ത്രി ചോദിച്ചു. നന്നായി പ്രവർത്തിക്കുന്ന റസ്റ്റ് ഹൗസുകളെ പ്രത്യേകം അഭിനന്ദിച്ചിരുന്നു. മഹാഭൂരിപക്ഷം റെസ്റ്റ് ഹൗസുകളും നന്നായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ തെറ്റായ കാര്യങ്ങൾ അംഗീകരിക്കാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു.



ജില്ലാതല പട്ടയ മേളയുടെ ഉദ്ഘാടന ചടങ്ങിൽ
മന്ത്രി കെ എൻ ബാലഗോപാൽ പട്ടയ വിതരണം നടത്തുന്നു

# ഐക്യത്തിന് ആഹ്വാനവുമായി മാർപാപ്പ: സഭകൾ തമ്മിൽ ബന്ധം ദൃഢമാക്കണം

നിക്കോസ്യ: ഓർത്തഡോക്സ് കത്തോലിക്കാ സഭകൾ തമ്മിലുള്ള ബന്ധം ദൃഢമാക്കാൻ ആഹ്വാനം ചെയ്തു ഫ്രാൻസിസ് മാർപാപ്പ.

സൈപ്രസിലെ ഗ്രീക്ക് ഓർത്തഡോക്സ് സഭാ തലവൻ ആർച്ച്ബിഷപ് ക്രിസോസ്റ്റമോസ് രണ്ടാമനെ, അദ്ദേഹത്തിൻറെ അരമനയിൽ സന്ദർശിച്ചു സ്വകാര്യ കൂടിക്കാഴ്ച നടത്തിയ മാർപാപ്പ തുടർന്ന് ഓർത്തഡോക്സ് സഭാ സിനഡിനെ അഭിസംബോധന ചെയ്യുകയായിരുന്നു.

ജീവകാരുണ്യം, വിദ്യാഭ്യാസം, മാനുഷിക സേവനം തുടങ്ങിയ കാര്യങ്ങളിൽ സഹകരിച്ച് കത്തോലിക്കർക്കും ഓർത്തഡോക്സുകാർക്കും സാഹോദര്യം ശക്തിപ്പെടുത്താമെന്ന് സെൻറ് ബാർണബാസ് മെത്രാസന പള്ളിയിൽ സമ്മേളിച്ച ഓർത്തഡോക്സ് സഭാ നേതാക്കന്മാരോടു മാർപാപ്പ പറഞ്ഞു.

ഓർത്തഡോക്സ് സഭ ഇതര സഭകളുമായി ഏറ്റവും നല്ല ബന്ധത്തിലാണെന്നു ക്രിസോസ്റ്റമോസ് രണ്ടാമൻ പറഞ്ഞു. അടുത്തകാലത്തായി പശ്ചിമേഷ്യയിലെ മുസ്‌ലിം നേതാക്കളുമായും ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. മതപരവും വംശീയവുമായ ഭിന്നതകൾക്കു ചർച്ചയിലൂടെ പരിഹാരം കാണുന്നതിനാണു സഭ ശ്രമിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 1974ലെ തുർക്കി അധിനിവേശത്തിൽ സൈപ്രസിലെ ക്രൈസ്തവ ആരാധാനാലയങ്ങൾ നേരിടേണ്ടിവന്ന അതിക്രമങ്ങളും നാശനഷ്ടങ്ങളും ക്രിസോസ്റ്റമോസ് രണ്ടാമൻ, മാർപാപ്പയുടെ ശ്രദ്ധയിൽപ്പെടുത്തി. തുർക്കിയുടെ നിയന്ത്രണത്തിലുള്ള വടക്കൻ സൈപ്രസിനെ കൂട്ടിച്ചേർക്കുന്നതിനുള്ള ശ്രമങ്ങൾ പുനരാരംഭിക്കുന്നതിനും നശിപ്പിക്കപ്പെട്ട ആരാധനാലയങ്ങളിലെ ചരിത്രപരമായും കലാപരമായും വിലപിടിപ്പുള്ള വസ്തുക്കൾ തിരിച്ചുകിട്ടുന്നതിനും മാർപാപ്പയുടെ സഹായം ആർച്ച്ബിഷപ് അഭ്യർഥിച്ചു.

തുടർന്ന്, മാർപാപ്പ നിക്കോസിയായിലെ ജിഎസ്പി സ്റ്റേഡിയത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനയിൽ ഓർത്തഡോക്സ് സഭയിലെ രണ്ടു ബിഷപ്പുമാരും പങ്കെടുത്തു. കുർബാനയ്ക്കിടെ മാർപാപ്പ നല്കിയ സന്ദേശത്തിലും ഐക്യത്തിനുള്ള ആഹ്വാനമാണു മുഴങ്ങിയത്. മാർപാപ്പ ഹോളിക്രോസ് ഇടവകപ്പള്ളിയിൽ അഭയാർഥികൾക്കൊപ്പം എക്യുമെനിക്കൽ പ്രാർഥനയിൽ പങ്കെടുത്തു. കിഴക്കൻ മെഡിറ്ററേനിയനിലെ അപ്പസ്തോലിക പര്യടനത്തിൻറെ രണ്ടാം ഘട്ടത്തിനു തുടക്കം കുറിച്ച് മാർപാപ്പ ഇന്നു ഗ്രീസിലെത്തും.

# കുട്ടികൾക്ക് കോവിഷീൽഡ് നൽകിയ സംഭവം: ജീവനക്കാരിയെ സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം : ആര്യനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കുട്ടികൾക്ക് കോവിഷീൽഡ് വാക്സിൻ നൽകിയ സംഭവത്തിൽ ജീവനക്കാരിയെ സസ്പെൻഡ് ചെയ്തു. കുറ്റാരോപിതയായ ജെപിഎച്ച്എൻ ഗ്രേഡ് 2 ജീവനക്കാരിയെയാണ് സസ്പെൻഡ് ചെയ്തത്. ആരോഗ്യ മന്ത്രി വീണാ ജോർജാണ് ഇക്കാര്യം അറിയിച്ചത്.

# വനിതാശിശു സൗഹൃദം പദ്ധതികളിലൂടെ...

ജില്ലയിൽ വനിതാശിശു വികസന വകുപ്പ് നടപ്പിലാക്കുന്നത് സ്ത്രീപക്ഷകൗമാര സൗഹൃദ പദ്ധതികൾ. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, രണ്ടു വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവർക്ക് അങ്കണവാടി വഴി ഭക്ഷ്യ മിശ്രിതം, ഗുളികകൾ, ബോധവത്കരണം എന്നിവയ്ക്കായി ആദ്യകിരണം.

അനുപൂരക പോഷകാഹാര പദ്ധതിയിലൂടെ ആറു മാസം മുതൽ ആറു വയസ്സ് വരെയുള്ള കുട്ടികൾ, ഗുരുതരമായി തൂക്ക കുറവുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷകാഹാരം അങ്കണവാടി വഴി നൽകുന്നു.

കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, ആറ് വയസ്സ് വരെയുള്ള കുഞ്ഞുങ്ങൾ എന്നിവരുടെ പോഷക വൈകല്യങ്ങൾ പരിഹരിക്കുന്നതിന് സമ്പുഷ്ട കേരളം. അഭയകിരണം വഴി സ്വന്തമായി വീടോ സ്ഥിര വരുമാനമോ ഇല്ലാത്ത വിധവകളെ സംരക്ഷിക്കുന്ന ബന്ധുവിന് (മക്കൾ ഒഴികെ) 1000 രൂപ പ്രതിമാസ സഹായം.

അടിയന്തര ഘട്ടത്തിൽ ദുരിതബാധിതരായ സ്ത്രീകൾക്ക് ഒറ്റത്തവണ ധനസഹായം അതിജീവികയിലൂടെ. പടവുകൾ വഴി വിധവകളുടെ പ്രഫഷനൽ കോഴ്സിന് പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം. വിധവകൾ, നിയമപരമായി ബന്ധം വേർപെടുത്തിയവർ എന്നിവരുടെ പുനർവിവാഹത്തിന് 25000 രൂപ ധനസഹായം നൽകുന്ന മംഗല്യ. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിൽ തുടങ്ങാൻ സഹായഹസ്തം വഴി 30000 രൂപ. ആശ്വാസ നിധിയിലൂടെ ലൈംഗിക അതിക്രമം, ഗാർഹിക പീഢനം, ആസിഡ് ആക്രമണം, പൊള്ളൽ തുടങ്ങിയ അക്രമങ്ങൾക്ക് ഇരയായവർക്ക് അടിയന്തര ധനസഹായം.

കൗൺസലിംഗ്, നിയമ പൊലിസ് സഹായം, എന്നിവ സൗജന്യമായി 48 മണിക്കൂർ ഓൺലൈനായി നൽകുന്ന കാതോർത്ത്. ശൈശവ വിവാഹം സംബന്ധിച്ച മുന്നറിയിപ്പ് നൽകുന്നവർക്കുള്ള പാരിതോഷികമായി 2500 രൂപ നൽകുന്നത് പൊൻവാക്കിലൂടെ. രക്ഷാദൂത് വഴി ഗാർഹിക പീഢനം നേരിടുന്ന സ്ത്രീകൾക്ക് പോസ്റ്റ് ഓഫീസ് മുഖേന പരാതി നൽകാം. വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കും എച്ച്.ഐ.വി/എയ്ഡ്സ് ബാധിതർ, സാമൂഹിക വിവേചനം അനുഭവിക്കുന്നവർ തുടങ്ങിയ കുടുംബങ്ങളിലെ കുട്ടികൾക്കും വിദ്യാഭ്യാസ ധനസഹായം ലഭ്യമാക്കും.

മറ്റ് പ്രസവാനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്ത സ്ത്രീകളുടെ ആദ്യ പ്രസവത്തിന് 5000 രൂപ ധനസഹായം പ്രധാനമന്ത്രി മാതൃവന്ദന യോജന വഴി ലഭ്യമാക്കും. സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾക്ക് വനിതാ ശിശുവികസന ഓഫീസർക്ക് നൽകാം. ഫോൺ 9188969202.

# രാജ്യത്ത് ഒമിക്രോൺ സ്ഥിരീകരിച്ചത് ഡോക്ടർക്ക്, സന്പർക്കത്തിലുള്ള അഞ്ച് പേർക്ക് കോവിഡ

രാജ്യത്ത് ഒമിക്രോൺ ആശങ്കകൾ വർധിക്കുന്നു. ഇന്ന് രാജ്യത്ത് ഒമിക്രോൺ സ്ഥിരീകരിച്ച രണ്ട് പേരിൽ ഒരാൾ ബംഗളൂരുവിൽനിന്നുള്ള ഡോക്ടർ ആയതോടെയാണ് ആശങ്കൾ ഉടലെടുത്തത്. ഡോക്ടറുടെ സന്പർക്ക പട്ടികയിലുള്ള അഞ്ച് പേർക്കും കോവിഡ് സ്ഥിരീകരിച്ചു.

ഇവരെ ഐസൊലേറ്റ് ചെയ്യുകയും സാന്പിളുകൾ ജീനോം പരിശോധനയ്ക്കായി അയക്കുകയും ചെയ്തെന്ന് കർണാടക സർക്കാർ അറിയിച്ചു. 66ഉം 46ഉം വയസുള്ള രണ്ടു പുരുഷന്മാർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചതായി ഇന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചത്.

ഒമിക്രോൺ സ്ഥിരീകരിച്ച 46കാരൻ ബംഗളൂരുവിൽനിന്നുള്ള ഡോക്ടറാണെന്നും ഇദ്ദേഹം രണ്ട് ഡോസ് വാക്സിനും സ്വീകരിച്ചിരുന്നെന്നും എൻഡിടിവി റിപ്പോർട്ട് ചെയ്തു. നവംബർ 21ന് ഡോക്ടർക്ക് പനിയും ശരീരവേദനയും അനുഭവപ്പെടുകയായിരുന്നു. തുടർന്ന് പിറ്റേന്ന് നടത്തിയ പരിശോധനയിൽ രോഗബാധ സ്ഥിരീകരിക്കുകയും ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു.

ഡോക്ടറുടെ സാന്പിളുകൾ അന്നുതന്നെ ജനിതക പരിശോധനയ്ക്ക് അയച്ചു. തുടർന്ന് മൂന്നുദിവസത്തിനു ശേഷം ഇദ്ദേഹത്തെ ഡിസ്ചാർജ് ചെയ്യുകയും ചെയ്തു. ഡോക്ടറുടെ പ്രാഥമിക സന്പർക്കപ്പട്ടികയിൽ 13 പേരുണ്ടെന്നും ദ്വിതീയ സന്പർക്കപ്പട്ടികയിൽ 250ൽ അധികം പേരുമുണ്ടെന്നും കർണാടക സർക്കാർ അറിയിച്ചു.

ഒമിക്രോൺ സ്ഥിരീകരിച്ച രണ്ടാമൻ 66 വയസുള്ള ദക്ഷിണാഫ്രിക്കൻ പൗരനാണ്. കോവിഡ് നെഗറ്റീവ് റിപ്പോർട്ടുമായാണ് ഇദ്ദേഹം ഇന്ത്യയിലെത്തിയത്. കോവിഡ് വാക്സിൻറെ രണ്ടു ഡോസും ഇദ്ദേഹം സ്വീകരിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇന്ത്യയിലെത്തിയതിനു പിന്നലെ നടത്തിയ പരിശോധനയിൽ പോസിറ്റീവ് ആണെന്ന് കണ്ടെത്തി.

തുടർന്ന് ഇയാളോട് സെൽഫ് ഐസൊലേഷന് നിർദേശിക്കുകയും ചെയ്തു. ഒരാഴ്ചയ്ക്കു ശേഷം ഇദ്ദേഹം ഒരു സ്വകാര്യ ലാബിൽ പരിശോധന നടത്തിയപ്പോൾ നെഗറ്റീവ് സർട്ടിഫിക്കറ്റ് ലഭിച്ചു. തുടർന്ന് ഇയാൾ ദുബായിലേക്ക് പോയി.

ദക്ഷിണാഫ്രിക്കൻ പൗരൻറെ പ്രാഥമിക സന്പർക്കപ്പട്ടികയിൽ ഉൾപ്പെട്ട 24 പേരുടെയും ദ്വിതീയ സന്പർക്കപ്പട്ടികയിൽ ഉൾപ്പെട്ട 240 പേരുടെയും പരിശോധനാഫലം നെഗറ്റീവ് ആണ്.

# അഭിമുഖം

തൃക്കോവിൽവട്ടം (മുഖത്തല ബ്ലോക്ക്) പെരിനാട്, പേരയം (ചിറ്റുമല ബ്ലോക്ക്) മൈനാഗപ്പള്ളി (ശാസ്താംകോട്ട ബ്ലോക്ക്) കുളത്തൂപ്പുഴ, അലയമൺ (അഞ്ചൽ ബ്ലോക്ക്) ആലപ്പാട് (ഓച്ചിറ ബ്ലോക്ക്) നിലമേൽ, കുമ്മിൾ (ചടയമംഗലം ബ്ലോക്ക്) തലവൂർ, പട്ടാഴി (പത്തനാപുരം ബ്ലോക്ക്) എന്നീ ഗ്രാമപഞ്ചായത്തുകളിലേക്ക് എസ്. സി. പ്രമോട്ടർമാരെ നിയമിക്കുന്നതിന് ജില്ലാ പട്ടികജാതി ഓഫീസിൽ ഡിസംബർ 10ന് രാവിലെ 10. 30 ന് അഭിമുഖം നടക്കും. 2022 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം.

ബിരുദം, ത്രിവത്സര ഡിപ്ലോമ യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. ബിരുദാനന്തര ബിരുദം, ബി. എഡ്, എം. എ. സോഷ്യോളജി, എം. എസ്. ഡബ്ല്യു ബിരുദമുള്ളവർക്ക് മുൻഗണന. 20 ശതമാനം ഒഴിവുകൾ പ്ലസ്. ടു പൂർത്തിയാക്കുകയും കുറഞ്ഞത് മൂന്ന് വർഷത്തെ സാമൂഹ്യ പ്രവർത്തന പരിചയം നേടുകയും ചെയ്തിട്ടുള്ളവർക്കായി സംവരണം ചെയ്തിട്ടുണ്ട്. 2021 ജനുവരി ഒന്നിന് മുമ്പായി 40 വയസ്സ് പൂർത്തിയായവർ അഭിമുഖത്തിൽ പങ്കെടുക്കേണ്ടതില്ല.

അപേക്ഷകർ അതാത് പ്രദേശത്ത് സ്ഥിരതാമസം ഉള്ളവരായിരിക്കണം.

യോഗ്യരായവരുടെ അഭാവത്തിൽ സമീപപ്രദേശങ്ങളിൽ ഉള്ളവരെയും പരിഗണിക്കും.

നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതി, വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, സാമൂഹ്യ പ്രവർത്തന പരിചയം സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം, റസിഡൻസ് സർട്ടിഫിക്കറ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം സിവിൽസ്റ്റേഷനിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം.

അപേക്ഷയുടെ മാതൃകയും മറ്റു വിശദവിവരങ്ങളും ജില്ലാ/ ബ്ലോക്ക്/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0474 2794996.

# ഫിൻടെക്കിനെക്കുറിച്ചുള്ള മനന നേതൃത്വ ഫോറമായ ഇൻഫിനിറ്റി ഫോറം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു

ഫിൻടെക്കിനെക്കുറിച്ചുള്ള മനന നേതൃത്വ ഫോറമായ ഇൻഫിനിറ്റി ഫോറം പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്തു

കറൻസിയുടെ ചരിത്രം വമ്പിച്ച പരിണാമമാണ് കാണിക്കുന്നതെന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ വർഷം ഇന്ത്യയിൽ ഇതാദ്യമായി മൊബൈൽ പേയ്മെന്റുകൾ എടിഎമ്മിലൂടെയുള്ള പണം പിൻവലിക്കലിനേക്കാൾ ഉയർന്നതായി പ്രധാനമന്ത്രി അറിയിച്ചു. ബ്രാഞ്ച് ഓഫീസുകളൊന്നുമില്ലാതെ പൂർണ്ണമായും ഡിജിറ്റൽ ബാങ്കുകൾ ഇതിനകം തന്നെ ഒരു യാഥാർത്ഥ്യമാണ്, ഒരു ദശാബ്ദത്തിനുള്ളിൽ ഇത് സാധാരണമായേക്കാം. 'മനുഷ്യർ പരിണമിച്ചപ്പോൾ, നമ്മുടെ ഇടപാടുകളുടെ രൂപവും കൂടി. ബാർട്ടർ സമ്പ്രദായം മുതൽ ലോഹങ്ങൾ വരെ, നാണയങ്ങൾ മുതൽ നോട്ടുകൾ വരെ, ചെക്കുകൾ മുതൽ കാർഡുകൾ വരെ, ഇന്ന് നാം ഇവിടെ എത്തിയിരിക്കുന്നു,' അദ്ദേഹം പറഞ്ഞു.

സാങ്കേതികവിദ്യ സ്വീകരിക്കുന്നതിനോ അതിനെ നവീകരിക്കുന്നതിനോ ഇന്ത്യ മറ്റാരുമല്ലെന്ന്മറ്റാർക്കും പിന്നിലല്ലെന്ന് ലോകത്തിന് മുന്നിൽ തെളിയിച്ചിരിക്കുകയാണെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഡിജിറ്റൽ ഇന്ത്യക്ക് കീഴിലുള്ള പരിവർത്തന സംരംഭങ്ങൾ, ഭരണത്തിൽ നൂതനമായ ഫിൻടെക് പരിഹാരങ്ങൾക്കായി വാതിലുകൾ തുറന്നിരിക്കുന്നു. ഈ ഫിൻടെക് സംരംഭങ്ങളെ ഒരു ഫിൻടെക് വിപ്ലവമാക്കി മാറ്റാനുള്ള സമയമാണിതെന്ന് പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. 'രാജ്യത്തെ ഓരോ പൗരന്റെയും സാമ്പത്തിക ശാക്തീകരണം കൈവരിക്കാൻ സഹായിക്കുന്ന ഒരു വിപ്ലവം', അദ്ദേഹം പറഞ്ഞു.

സാങ്കേതിക വിദ്യയും സാമ്പത്തിക ഉൾപ്പെടുത്തലിന് ഉത്തേജനം നൽകിയതെങ്ങനെയെന്ന് വിശദീകരിച്ചുകൊണ്ട്, 2014ൽ ബാങ്ക് അക്കൗണ്ടുകളുള്ള 50 ശതമാനത്തിൽ താഴെയുള്ള ഇന്ത്യക്കാരിൽ നിന്ന് കഴിഞ്ഞ 7 വർഷത്തിനുള്ളിൽ 430 ദശലക്ഷം ജൻധൻ അക്കൗണ്ടുകളോടെ ഇന്ത്യ അത് സാർവത്രികമാക്കിയെന്ന് ശ്രീ മോദി ചൂണ്ടിക്കാട്ടി. കഴിഞ്ഞ വർഷം 1.3 ബില്യൺ ഇടപാടുകൾ നടത്തിയ 690 ദശലക്ഷം റുപേ കാർഡുകൾ പോലുള്ള സംരംഭങ്ങളും അദ്ദേഹം എടുത്തുപറഞ്ഞു. യുപിഐ കഴിഞ്ഞ മാസം ഏകദേശം 4.2 ബില്യൺ ഇടപാടുകൾ പ്രോസസ്സ് ചെയ്യുന്നു; ഓരോ മാസവും ഏകദേശം 300 ദശലക്ഷം ഇൻവോയ്സുകൾ ജി എസ ടി പോർട്ടലിൽ അപ്ലോഡ് ചെയ്യപ്പെടുന്നു; പകർച്ചവ്യാധികൾക്കിടയിലും, പ്രതിദിനം ഏകദേശം 1.5 ദശലക്ഷം റെയിൽവേ ടിക്കറ്റുകൾ ഓൺലൈനിൽ ബുക്ക് ചെയ്യപ്പെടുന്നു; കഴിഞ്ഞ വർഷം, 1.3 ബില്യൺ തടസ്സമില്ലാത്ത ഇടപാടുകൾ ഫാസ്ടാഗ് പ്രോസസ്സ് ചെയ്തു; പ്രധാനമന്ത്രി സ്വാനിധി രാജ്യത്തുടനീളമുള്ള ചെറുകിട കച്ചവടക്കാർക്ക് വായ്പ ലഭ്യമാക്കി; ഇ റുപ്പി നിർദ്ദിഷ്ട സേവനങ്ങളുടെ ചോർച്ചയില്ലാതെ ലക്ഷ്യമിട്ട സേവനം പ്രദാനം ചെയ്തു.

ഫിൻടെക് വിപ്ലവത്തിന്റെ ചാലകമാണ് സാമ്പത്തിക ഉൾപ്പെടുത്തലെന്ന് പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. വരുമാനം, നിക്ഷേപം, ഇൻഷുറൻസ്, സ്ഥാപനപരമായ ക്രെഡിറ്റ് എന്നിങ്ങനെ 4 സ്തംഭങ്ങളിലാണ് ഫിൻടെക് നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. 'വരുമാനം വർദ്ധിക്കുമ്പോൾ, നിക്ഷേപം സാധ്യമാകും. ഇൻഷുറൻസ് കവറേജ് കൂടുതൽ റിസ്ക് എടുക്കാനുള്ള കഴിവും നിക്ഷേപവും സാധ്യമാക്കുന്നു. സ്ഥാപനപരമായ ക്രെഡിറ്റ് വിപുലീകരണത്തിന് ചിറകുകൾ നൽകുന്നു. ഈ തൂണുകളിൽ ഓരോന്നിനും ഞങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. ഈ ഘടകങ്ങളെല്ലാം കൂടിച്ചേരുമ്പോൾ, സാമ്പത്തിക മേഖലയിൽ കൂടുതൽ ആളുകൾ പങ്കാളികളാകുന്നതായി നിങ്ങൾ പെട്ടെന്ന് കണ്ടെത്തും', പ്രധാനമന്ത്രി വിശദീകരിച്ചു.

ഫിൻടെക് മേഖലയിലെ ഇന്ത്യയുടെ അനുഭവത്തിന്റെ വിപുലമായ പ്രയോഗത്തെക്കുറിച്ച് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി . അനുഭവങ്ങളും വൈദഗ്ധ്യവും ലോകവുമായി പങ്കിടാനും അവരിൽ നിന്ന് പഠിക്കാനുമുള്ള ഇന്ത്യയുടെ പ്രവണത അദ്ദേഹം ഊന്നിപ്പറഞ്ഞു. 'നമ്മുടെ ഡിജിറ്റൽ പൊതു അടിസ്ഥാനസൗകര്യങ്ങൾക്ക് ലോകമെമ്പാടുമുള്ള പൗരന്മാരുടെ ജീവിതം മെച്ചപ്പെടുത്താൻ കഴിയും', പ്രധാനമന്ത്രി വാഗ്ദാനം ചെയ്തു.

ഗിഫ്റ്റ് സിറ്റി കേവലം ഒരു പരിസരമല്ല , അത് ഇന്ത്യയെ പ്രതിനിധീകരിക്കുന്നുവെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഇത് ഇന്ത്യയുടെ ജനാധിപത്യ മൂല്യങ്ങൾ, ആവശ്യം, ജനസംഖ്യ, വൈവിധ്യം എന്നിവയെ പ്രതിനിധീകരിക്കുന്നു. ആശയങ്ങൾ, നവീകരണം, നിക്ഷേപം എന്നിവയ്ക്കുള്ള ഇന്ത്യയുടെ തുറന്ന മനസ്സിനെ ഇത് പ്രതിനിധീകരിക്കുന്നു. സിറ്റി ആഗോള ഫിൻടെക് ലോകത്തേക്കുള്ള ഒരു കവാടമാണ്.

ധനം ഒരു സമ്പദ്വ്യവസ്ഥയുടെ ജീവരക്തമാണെന്നും സാങ്കേതികവിദ്യ അതിന്റെ വാഹകമാണെന്നും പറഞ്ഞുകൊണ്ടാണ് പ്രധാനമന്ത്രി ഉപസംഹരിച്ചത്. "അന്ത്യോദയയും സർവോദയയും" കൈവരിക്കുന്നതിന് രണ്ടും ഒരുപോലെ പ്രധാനമാണ്.'

2021 ഡിസംബർ 3, 4 തീയതികളിൽ ഏകഎഠ സിറ്റി, ബ്ലൂംബെർഗ് എന്നിവയുമായി സഹകരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഇന്റർനാഷണൽ ഫിനാൻഷ്യൽ സർവീസസ് സെന്റർ അതോറിറ്റി ആണ് പരിപാടിക്ക് ആതിഥേയത്വം വഹിക്കുന്നത്. ഫോറത്തിന്റെ ആദ്യ പതിപ്പിൽ ഇന്തോനേഷ്യ, ദക്ഷിണാഫ്രിക്ക, യുകെ എന്നിവ പങ്കാളി രാജ്യങ്ങളാണ്.

ഇൻഫിനിറ്റി ഫോറം, നയം, ബിസിനസ്സ്, സാങ്കേതികവിദ്യ എന്നിവയിലെ ലോകത്തെ മുൻനിര മനസ്സുകളെ ഒരുമിച്ച് കൊണ്ടുവരികയും, എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ചയ്ക്കും മാനവികതയെ മൊത്തത്തിൽ സേവിക്കാനും സാങ്കേതികവിദ്യയും നൂതനത്വവും ഫിൻടെക് വ്യവസായത്തിന് എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ച് ചർച്ച ചെയ്യാനും പ്രവർത്തനക്ഷമമായ ഉൾക്കാഴ്ച കൊണ്ടുവരാനുമുള്ള വേദിയാണിത്.

ഫോറത്തിന്റെ അജണ്ട 'ബിയോണ്ട്' എന്ന വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു; ഫിൻടെക് ഉൾപ്പെടെയുള്ള വിവിധ ഉപ വിഷയങ്ങൾക്കൊപ്പം , ഗവണ്മെന്റുകളും , ബിസിനസുകളും ഭൂമിശാസ്ത്രപരമായ അതിരുകൾക്കപ്പുറത്തേക്ക് ശ്രദ്ധ കേന്ദ്രീകരിച്ച് ആഗോള വികസനത്തിൽ സാമ്പത്തിക ഉൾക്കൊള്ളൽ പ്രോത്സാഹിപ്പിക്കുന്നു; ഫിനാൻസിനപ്പുറം ഫിൻടെക്, സുസ്ഥിര വികസനം നയിക്കുന്നതിന് സ്പേസ്ടെക്, ഗ്രീൻടെക്, അഗ്രിടെക് തുടങ്ങിയ വളർന്നു വരുന്ന മേഖലകളുമായി ഒത്തുചേരുന്നതിലൂടെ; കൂടാതെ ഫിൻടെക് ബിയോണ്ട് നെക്സ്റ്റ്, ക്വാണ്ടം കമ്പ്യൂട്ടിംഗ് ഭാവിയിൽ ഫിൻടെക് വ്യവസായത്തിന്റെ സ്വഭാവത്തെ എങ്ങനെ സ്വാധീനിക്കുകയും പുതിയ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യും എന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ഫോറത്തിൽ 70ലധികം രാജ്യങ്ങളിൽ നിന്നുള്ള പങ്കാളിത്തമുണ്ട്.

# പരിശീലനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് കളമശ്ശേരി ക്യാമ്പസിൽ 10 ദിവസത്തെ വനിതാ സംരംഭകത്വ വികസന പരിശീലന പരിപാടി നടത്തുന്നു. ഡിസംബർ 13 മുതൽ 23 വരെയാണ് സൗജന്യ പരിശീലനം നൽകുക. www.k-i-e-d.in-fo ൽ ഓൺലൈനായി അപേക്ഷിക്കാം.

# വാഹനപുക പരിശോധകർക്ക് പ്രത്യേക പരിശീലനം

തിരുവനന്തപുരം: കാലാവസ്ഥാ വ്യതിയാനത്തിന്റെയും അന്തരീക്ഷ മലിനീകരണത്തിന്റെയും പശ്ചാത്തലത്തിൽ വാഹനങ്ങളുടെ പുക പരിശോധന കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക പരിശീലനം ആരംഭിച്ചു.

അന്തരീക്ഷ മലിനീകരണത്തിന്റെ വെല്ലുവിളികൾ കണക്കിലെടുത്ത് പുതിയ വാഹനങ്ങൾക്ക് ആടഢക നിലവാരത്തിലുള്ള മലിനീകരണ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

അതാത് കാലങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പരമാവധി മലിനീകരണ തോതിനുള്ളിലാണ് വാഹനങ്ങളുടെ പുക എന്ന് ഉറപ്പാക്കുന്നതിന് നിശ്ചിത ഇടവേളകളിലുള്ള പരിശോധന കർശനമാക്കേണ്ടതുണ്ട്. അന്തരീക്ഷ മലിനീകരണം കാരണം ലോകത്ത് 3.7 ദശലക്ഷം മനുഷ്യർ മരണപ്പെടുന്നതിൽ വലിയൊരു പങ്ക് ഇന്ത്യയിലാണ്. പക്ഷാഘാതം, ശ്വാസകോശരോഗങ്ങൾ, നാഡീവ്യവസ്ഥ തകരാറിലാകുക, ഹൃദ്രോഗം, മാനസിക രോഗങ്ങൾ തുടങ്ങിയവയ്ക്ക് പ്രധാന കാരണം അന്തരീക്ഷ മലിനീകരണമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ എടപ്പാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച് കേന്ദ്രത്തിലാണ് സംസ്ഥാനത്തെ മുഴുവൻ വാഹന പുക പരിശോധകർക്കും ബാച്ചുകളിലായി പരിശീലനം സംഘടിപ്പിക്കുന്നത്.

# ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവർ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് ഡിസംബർ 31ന് മുമ്പായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡ്, കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ് രണ്ടാംനില, ചാക്കോരത്തുകുളം, വെസ്റ്റ്ഹിൽ പി.ഒ, കോഴിക്കോട്673005 വിലാസത്തിൽ ഹാജരാക്കണം. ലൈഫ് സർട്ടിഫിക്കറ്റ് www.km-tbo-ar-d.com വെബ്സൈറ്റിൽ ലഭ്യമാണ.




ചന്ദനത്തോപ്പ് സർക്കാർ ബി.ടി.സിയിലെ ഐ.എം.സിയുടെ നേതൃത്വത്തിൽ ക്രിസ്തുമസ് പുതുവത്സരാഘോഷങ്ങളുടെ ഭാഗമായുള്ള കേക്ക് നിർമാണത്തിന് മുന്നോടിയായിട്ടുള്ള ഫ്രൂട്ട് മിക്സിംഗ് സെറിമണി മന്ത്രി ജെ. ചിഞ്ചു റാണി ഉദ്ഘാടനം ചെയ്യുന്നു

# ആധുനിക മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ തുടങ്ങും: മന്ത്രി ജെ. ചിഞ്ചു റാണി

ആധുനിക സൗകര്യങ്ങളോടെയുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ഉടൻ തുടങ്ങുമെന്ന് മൃഗസംരക്ഷണക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ തുടങ്ങിയ ജീവനം ദാരിദ്ര്യലഘൂകരണ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

മൊബൈൽ വെറ്ററിനറി വാഹനത്തിൽ എക്സ്റേ മെഷീൻ സംവിധാനം ഉണ്ടാകും. ഡോക്ടർ, അസിസ്റ്റന്റ്, ഡ്രൈവർ എന്നിവരുടെ സേവനം ഏതു സമയത്തും ലഭിക്കും. ക്ഷീരമേഖലയിലെ സ്വയംപര്യാപ്തതയാണ് സർക്കാരിന്റെ മുൻഗണനയിലുള്ളത്. ക്ഷീരഗ്രാമം നടപ്പിലാക്കുന്ന ജില്ലകളിൽ ഗ്രാമശ്രീ പോർട്ടൽ ആരംഭിച്ച് കർഷകർക്ക് ആനുകൂല്യങ്ങൾ അനായാസം ലഭ്യമാക്കുകയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി കേരളത്തിലെ മുഴുവൻ കർഷകരുടേയും പശുക്കളെയും ഇൻഷുർ ചെയ്യാനുള്ള പദ്ധതിയും ഉടൻ നടപ്പിലാക്കും. സി.ആർ മഹേഷ് എം.എൽ.എ അധ്യക്ഷനായി. ഗ്രാമപഞ്ചായത്തിലെ ക്ഷീര വികസന പദ്ധതികളുടെ ഉദ്ഘാടനം ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ദീപ്തി രവീന്ദ്രൻ നിർവഹിച്ചു.

ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണക്ഷീര പദ്ധതികളായ പോത്തു വളർത്തൽ, വനിതകൾക്കുള്ള പ്രത്യേക കന്നുകുട്ടി പരിപാലനം, കോഴി വളർത്തൽ, പാലിന് സബ്സിഡി, കറവ പശുക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡി, സമഗ്ര പാൽ ഉല്പാദനവും കറവപശു വാങ്ങാനുള്ള ധനസഹായം എന്നിവയുടെ പഞ്ചായത്ത്തല വിതരണോദ്ഘാടനമാണ് നടന്നത്. ജീവനം പദ്ധതിയുടെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകർക്ക് 296 പോത്തിൻ കുട്ടികളെ നൽകി.

ഗ്രാമപഞ്ചായത്തിലെ മികച്ച ക്ഷീര കർഷകരെ ആദരിച്ചു. ഹരിത കർമ്മ സേനയ്ക്ക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 23 ട്രോളികളും കൈമാറി. ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുരേഷ് താനുവേലി, കുലശേഖരപുരം പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. നാസർ, ജില്ലാ പഞ്ചായത്ത് അംഗം ഗേളി ഷണ്മുഖൻ, ബ്ലോക്ക്ഗ്രാമ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ സുജ റ്റി. നായർ, ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ബി. എസ്. നിഷ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

# ഒമിക്രോൺ: അതീവ ജാഗ്രത പാലിക്കണം

അയൽ സംസ്ഥാനമായ കർണാടകയിൽ അതിതീവ്ര വ്യാപന ശേഷിയുള്ള വകഭേദമായ ഒമിക്രോൺ സ്ഥിരീകരിച്ച സ്ഥിതിക്ക് കേരളത്തിൽ അതീവ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനം മുന്നൊരുക്ക പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്.

ആരോഗ്യ പ്രവർത്തകർ, തദ്ദേശ സ്ഥാപനങ്ങൾ, പോലീസ്, ജില്ലാ ഭരണകൂടം എന്നിവർ ഒത്തൊരുമിച്ച് പ്രവർത്തിക്കും. ഉയർന്ന റിസ്ക് രാജ്യങ്ങളിൽ നിന്നുവരുന്നവർക്ക് പരിശോധനകൾ നിർബന്ധമാണ്. കേന്ദ്ര മാർഗനിർദേശ പ്രകാരം റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്നവർക്ക് ഏഴു ദിവസം ക്വാറന്റൈനും ഏഴു ദിവസം സ്വയം നിരീക്ഷണവുമാണ്. അല്ലാത്ത രാജ്യങ്ങളിൽ നിന്നും വരുന്നവരിൽ രണ്ട് ശതമാനം പേരെ പരിശോധിക്കും. അവരിൽ നെഗറ്റീവാകുന്നവർക്ക് 14 ദിവസം സ്വയം നിരീക്ഷണമാണുള്ളത്. പോസീറ്റീവായാൽ ആശുപത്രിയിൽ പ്രത്യേകം തയാറാക്കിയ വാർഡുകളിലേക്ക് മാറ്റുമെന്നും മന്ത്രി വ്യക്തമാക്കി.

വാക്സിൻ എടുക്കുകയാണ് പ്രധാന പ്രതിരോധം. അതുപോലെ അടിസ്ഥാന സുരക്ഷാ മാർഗങ്ങളും പിന്തുടരണം. റിസ്ക് രാജ്യങ്ങളിൽ നിന്ന് സംസ്ഥാനത്ത് വന്നവരുടെ ജനിതക ശ്രേണീകരണ പരിശോധനയിൽ ഇതുവരെ ഒമിക്രോൺ കണ്ടെത്തിയിട്ടില്ല. വിമാനത്താവളങ്ങളിൽ സജ്ജമായുള്ള ആരോഗ്യ പ്രവർത്തകരുടെ സംഘം യാത്രക്കാർക്ക് എല്ലാ സഹായവും നൽകും.

ഡെൽറ്റ വകഭേദത്തേക്കാൾ വളരെ വലിയ വ്യാപന ശേഷിയുള്ളതിനായതിനാൽ ഒമിക്രോൺ ബാധിച്ചാൽ കൂടുതൽ പേർക്ക് ആശുപത്രി ചികിത്സ ആവശ്യമായി വന്നേക്കും.

അങ്ങനെയൊരു സാഹചര്യം ഉണ്ടാകാതിരിക്കാൻ നമുക്ക് കരുതലുണ്ടാകണം. സംസ്ഥാനം എല്ലായിപ്പോഴും രോഗവ്യാപനം അതിവേഗത്തിൽ കൂടുന്നത് തടയാനാണ് ശ്രമിച്ചത്.

വാക്സിനേഷൻ പ്രതിരോധം നൽകുമെന്നാണ് കണക്കാക്കുന്നത്. സംസ്ഥാനത്ത് 96.3 ശതമാനം പേർക്ക് ആദ്യ ഡോസ് വാക്സിനും 65.8 ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്.

ഇതിനോടൊപ്പം ശരിയായ രീതിയിൽ മാസ്ക് ധരിക്കുക, സാമൂഹിക അകലം പാലിക്കുക, കൈകൾ ഇടയ്ക്കിടയ്ക്ക് സോപ്പോ സാനിറ്റൈസറോ ഉപയോഗിച്ച് ശുചിയാക്കുക എന്നിവ കുറേക്കൂടി ശക്തമാക്കണമെന്നും മന്ത്രി വ്യക്തമാക്കി.

# വീട്ടിൽ സോളാർ പ്ലാന്റ് സ്ഥാപിക്കാൻ അനെർട്ടിന്റെ 'സൗരതേജസ്' പദ്ധതി

ഗാർഹിക ഉപഭോക്താക്കൾക്കു കേന്ദ്ര സബ്സിഡിയോടെ പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതിയുമായി അനെർട്ട്.

10 കിലോ വാട്ട് വരെയുള്ള സൗരോർജ പ്ലാന്റുകൾ ഇതു പ്രകാരം വീടുകളിൽ സ്ഥാപിക്കാം. വീട്ടാവശ്യത്തിനു ശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബിക്കു നൽകാൻ കഴിയുംവിധം ഗ്രിഡ് ബന്ധിത പദ്ധതിയായാണ് ഇതു നടപ്പാക്കുന്നത്.

പദ്ധതിക്കായുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. ൦൦൦.യൗ്യാൃൗി.രീാ എന്ന പോർട്ടൽവഴി ഓൺലൈനായി രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ മുതൽ പ്ലാന്റ് സ്ഥാപിക്കുന്നതുവരെയുള്ള എല്ലാ നടപടിക്രമങ്ങളും ഈ പോർട്ടൽവഴിയാണു നടക്കുന്നത്. പ്ലാന്റിന്റെ ശേഷിയുടെ അടിസ്ഥാനത്തിലാണു സബ്സിഡി അനുവദിക്കുന്നത്. മൂന്നു കിലോവാട്ട് വരെയുള്ള പ്ലാന്റിന് കേന്ദ്ര നവപുനരുപയോഗ ഊർജ മന്ത്രാലയം നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയുടെ നാലു ശതമാനവും മൂന്നു മുതൽ 10 വരെ കിലോവാട്ട് ശേഷിയുള്ള പ്ലാന്റിന് ആദ്യ മൂന്നു കിലോവാട്ടിന് 40ഉം തുടർന്ന് 20 ശതമാനം നിരക്കിലും സബ്സിഡി ലഭിക്കും.

ഗ്രൂപ്പ് ഹൗസിങ് സൊസൈറ്റികൾ, ഫ്ളാറ്റുകൾ, അപ്പാർട്ട്മെന്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ട് വരെ(ഒരു വീടിന് 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡിയും ലഭിക്കും.

ഒരു കിലോവാട്ട് ശേഷിയുള്ള പ്ലാന്റിൽനിന്ന് പ്രതിദിനം നാലു യൂണിറ്റ് വൈദ്യുതി ലഭിക്കും. വൈദ്യുതി ബില്ലിൽനിന്ന് പ്രതിമാസ ഉപയോഗം മനസിലാക്കി വീടുകളിൽ സ്ഥാപിക്കേണ്ട പ്ലാന്റിന്റെ ശേഷി നിശ്ചയിക്കാം. വൈദ്യുതി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ നാലു മുതൽ ഏഴു വരെ വർഷംകൊണ്ട് പ്ലാന്റ് സ്ഥാപിക്കാൻ മുടക്കിയ പണം തിരികെ ലഭിക്കും.

പ്ലാന്റിൽനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി വീട്ടിലെ ഉപയോഗം കഴിഞ്ഞു ബാക്കിയുണ്ടെങ്കിൽ കെ.എസ്.ഇ.ബിയുടെ ഗ്രിഡിലേക്കു കടത്തിവിടാൻ കഴിയും. ഓരോ വർഷവും ഒക്ടോബർ മുതൽ സെപ്റ്റംബർ വരെയുള്ള ഒരു വർഷം ഇങ്ങനെ അധികം ഗ്രിഡിലേക്കു നൽകിയിട്ടുള്ള വൈദ്യുതിക്ക് യൂണിറ്റിന് നിശ്ചിത നിരക്കിലുള്ള തുക ഗുണഭോക്താവിന് കെ.എസ്.ഇ.ബി. നൽകും. പദ്ധതിക്കായി വിപുലമായ പ്രചാരണത്തിനും അനെർട്ട് പദ്ധതി തയാറാക്കിയിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിനു സാമ്പത്തിക സഹായം ആവശ്യമുള്ളവർക്ക് സബ്സിഡി കഴിഞ്ഞുള്ള തുക കുറഞ്ഞ പലിശ നിരക്കിൽ വിവിധ ബാങ്കുകളിൽ നിന്ന് വായ്പയായി ലഭ്യമാക്കാനുള്ള നടപടികളും അനെർട്ട് സ്വീകരിക്കുന്നുണ്ട്.

# കുടുംബശ്രീയിൽ ജോലി ഒഴിവ്

കുടുംബശ്രീ ജലജീവൻ മിഷൻ പദ്ധതി നിർവഹണത്തിന് വിവിധ തസ്തികകളിൽ കരാർ നിയമന ഒഴിവുണ്ട്. ടീം ലീഡർ : യോഗ്യത എം.എസ്.ഡബ്ള്യു/എം.എ സോഷ്യോളജി, ഗ്രാമവികസനവുമായി ബന്ധപ്പെട്ട് മൂന്ന് വർഷത്തെ പ്രവർത്തി പരിചയം/ജലവിതരണ പദ്ധതികളിലെ ജോലി പരിചയം അഭികാമ്യം. കോർപറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്തുകളിൽ സ്ഥിരതാമസക്കാരായ കുടുംബശ്രീ അംഗങ്ങൾക്ക് അപേക്ഷിക്കാം. വനിതകൾക്ക് മുൻഗണന.

കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ : / യോഗ്യത ഏതെങ്കിലും വിഷയത്തിൽ ബിരുദം, ഗ്രാമവികസനം/സാമൂഹ്യ വികസനവുമായി ബന്ധപ്പെട്ട് രണ്ട് വർഷത്തെ പ്രവർത്തി പരിചയം/ജലവിതരണ പദ്ധതികളിലെ ജോലി പരിചയം അഭികാമ്യം. ഒഴിവുകൾ മൺട്രോതുരുത്ത്, തെക്കുംഭാഗം, നീണ്ടകര, പെരിനാട്, വെസ്റ്റ് കല്ലട, ആലപ്പാട്, തേവലക്കര, മൈനാഗപ്പള്ളി എന്നിവിടങ്ങളിൽ മാത്രം. ഗ്രാമപഞ്ചായത്തിലുള്ളവർ മാത്രമാണ് അപേക്ഷിക്കേണ്ടത്.

വെള്ള കടലാസിൽ ബയോഡേറ്റ, വയസ്സ്, യോഗ്യത, ജോലിപരിചയം എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ, സിവിൽ സ്റ്റേഷൻ പി. ഒ.691013 വിലാസത്തിൽ ഡിസംബർ ഒമ്പതിനകം സമർപ്പിക്കണം. പ്രായപരിധി 2045. ഫോൺ 0474 2794692.

# കോവിഡ് മരണം: കുട്ടികൾക്കുള്ള ധനസഹായ പദ്ധതി മന്ത്രി ഉദ്ഘാടനം ചെയ്തു

കോവിഡ് മൂലം മാതാപിതാക്കൾ മരണമടഞ്ഞ കുട്ടികൾക്കുള്ള ധനസഹായ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ, വനിത ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു. പത്തനംതിട്ട ജില്ലയിൽ നിന്നുള്ള രണ്ട് കുട്ടികൾക്കായി മൂന്നു ലക്ഷം രൂപ വീതം സർക്കാർ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചതിന്റെ രേഖകൾ കുട്ടികളുടെയും അവരുടെ നിലവിലുള്ള രക്ഷിതാവിന്റെയും സാന്നിധ്യത്തിൽ മന്ത്രി പത്തനംതിട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർ നിതാ ദാസിന് കൈമാറിയാണ് ഉദ്ഘാടനം നിർവഹിച്ചത്.

ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസ്റ്റായി നിക്ഷേപിക്കുകയും 18 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് കൈമാറുകയും ചെയ്യും. കൂടാതെ പ്രതിമാസ ധനസഹായം എന്ന നിലയിൽ 2000 രൂപ വീതം കുട്ടികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കും. ബിരുദതലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമായി നൽകുകയും ചെയ്യും. കോവിഡ് മൂലം മാതാപിതാക്കൾ അല്ലെങ്കിൽ നിലവിലുള്ള ഏകരക്ഷിതാവ് മരണപ്പെടുന്ന എല്ലാ കുട്ടികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ആദ്യഘട്ടത്തിൽ സംസ്ഥാനത്താകെ 54 കുട്ടികൾക്ക് ഇത്തരത്തിൽ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ചടങ്ങിൽ വനിത ശിശു വികസന ഓഫീസർ പി. എം. തസ്നിം, കുട്ടികളുടെ ബന്ധുക്കൾ എന്നിവർ പങ്കെടുത്തു.

# വനിതാകമ്മിഷൻ ശില്പശാല

കേരള വനിതാ കമ്മിഷൻ സ്ത്രീസമത്വ മാധ്യമ പ്രവർത്തനത്തിനായുള്ള മാർഗരേഖയെക്കുറിച്ച് മാധ്യമപ്രവർത്തകർക്കായി ശില്പശാല സംഘടിപ്പിക്കുന്നു. ആശ്രാമം സർക്കാർ അതിഥി മന്ദരിത്തിൽ ഇന്ന് (ഡിസംബർ 3) ഉച്ചയ്ക്ക് 2.30ന് കേരള വനിതാ കമ്മിഷൻ ചെയർപേഴ്സൺ പി. സതീദേവി ഉദ്ഘാടനം ചെയ്യും. കമ്മിഷൻ അംഗം എം.എസ്. താര അധ്യക്ഷയാകും.

കേരള മീഡിയ അക്കാഡമി ചെയർമാൻ ആർ.എസ്.ബാബു, കേസരി സ്മാരക ജേർണലിസ്റ്റ് ട്രസ്റ്റ്, കേരള യൂണിയൻ ഓഫ് വർക്കിംഗ് ജേർണലിസ്റ്റ് എന്നിവയെ പ്രതിനിധീകരിച്ച് മാധ്യമ പ്രവർത്തകരായ സരസ്വതി നാഗരാജൻ, ഗീത നസീർ, നവമി സുധീഷ്, ശ്രീലത ഹരി, അനുപമ ജി. നായർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുക്കും. വനിതാ കമ്മിഷൻ പബ്ലിക് റിലേഷൻസ് ഓഫീസർ ശ്രീകാന്ത് എം. ഗിരിനാഥ് വിഷയാവതരണം നടത്തും. കമ്മിഷൻ അംഗങ്ങളായ ഇ.എം.രാധ, അഡ്വ. ഷിജി ശിവജി എന്നിവർ ആശംസ നേരും.

# സുരക്ഷ ശക്തമാക്കുന്നത്തിനായി സ്വീകരിച്ച നടപടികൾ

രാജ്യത്തിന്റെ സുരക്ഷ ശക്തമാക്കാൻ സർക്കാർ കാലാകാലങ്ങളിൽ ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി, 2019 ഡിസംബറിൽ സംയുക്ത സേന മേധാവി (ഇവശലള ീള ഉലള ലിരല ടമേള്ളഇട) എന്ന തസ്തിക സൃഷ്ടിച്ചു. ഇന്റഗ്രേറ്റഡ് തിയറ്റർ കമാൻഡുകൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെ സായുധ സേനകളുടെ സംയോജനം ഉറപ്പാക്കാൻ ഇളടനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചീഫ്സ് ഓഫ് സ്റ്റാഫ് കമ്മിറ്റിയുടെ സ്ഥിരം ചെയർമാനായും ഇളടനെ നിയമിച്ചിട്ടുണ്ട്. കര, വ്യോമ, നാവിക സേനകളുമായി ബന്ധപ്പെട്ട കാര്യങ്ങളും മൂന്ന് സേനാ വിഭാഗങ്ങൾ തമ്മിലുള്ള ഏകോപനവും നിരീക്ഷിക്കുന്നതിന് പ്രത്യേക സൈനിക കാര്യ വകുപ്പ് (D-ep-ar-tm ent of Military Affairs DMA) രൂപീകരിച്ചു. കൂടാതെ, സൈനിക ഉപകരണങ്ങളുടെയും ആയുധങ്ങളുടെയും ആധുനികവൽക്കരണം, നവീകരണം, പരിപാലനം എന്നിവയും കാലാനുസൃതമായി നിർവ്വഹിക്കുന്നു. അടിയന്തിര സാഹചര്യങ്ങളിൽ, പ്രവർത്തന ശേഷി വർദ്ധിപ്പിക്കുന്നതിന് സംഭരണത്തിനുള്ള പ്രത്യേക അധികാരങ്ങൾ സൈനിക ആസ്ഥാനത്തിന് നൽകിയിരിക്കുന്നു.

രാജ്യത്ത് പ്രതിരോധ ഉപകരണങ്ങളുടെ തദ്ദേശീയ രൂപകൽപന, വികസനം, നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതികവിദ്യകളുടെ വികസനംകൈമാറ്റം തുടങ്ങിയവ സാധ്യമാക്കുന്നതിനും ഗവൺമെന്റ് നിരവധി നയങ്ങളും പരിഷ്കാരങ്ങളും കൈക്കൊണ്ടിട്ടുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ, പ്രത്യേക ഏജൻസികളായആംഡ് ഫോഴ്സ് സ്പെഷ്യൽ ഓപ്പറേഷൻസ് ഡിവിഷൻ, ഡിഫൻസ് സൈബർ ഏജൻസി, ഡിഫൻസ് സ്പേസ് ഏജൻസി എന്നിവയും ബന്ധപ്പെട്ട മേഖലകളിലെ ഉയർന്നുവരുന്ന ഭീഷണികളെ നേരിടാൻ സജ്ജമാണ്.

ആഭ്യന്തര സുരക്ഷാ ഘടന ശക്തിപ്പെടുത്തുന്നതിന്, 1967 ലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം (ഡിഹമംഌഹ അരശ്ശശേലെ (Prevention) അരേ, 1967) ഭേദഗതി ചെയ്ത് നിയമ ചട്ടക്കൂട് ബലപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ അന്വേഷണ ഏജൻസി നിയമം, 2008 (National Invലശേഴമശേീ അഴലിര്യ അരേ, 2008); ആയുധ നിയമം, 1959 (അൃാ െഅരേ, 1959), പോലീസിന്റെയും കേന്ദ്ര സായുധ പോലീസ് സേനകളുടെയും (ഇഅജഎ) ആധുനികവൽക്കരണം, അതിർത്തി സുരക്ഷാ ഗ്രിഡ്, തീരദേശ സുരക്ഷ എന്നിവ ശക്തിപ്പെടുത്തുക, മൾട്ടിഏജൻസി സെന്റർ (ങഅഇ) ശക്തിപ്പെടുത്തുക, വിവിധ ഫോറങ്ങളിൽ വിവരങ്ങളും രഹസ്യാന്വേഷണ വിവരങ്ങളും കൈമാറുക തുടങ്ങിയ നടപടികളും സ്വീകരിച്ചു. ഇന്ന് ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ രാജ്യ രക്ഷാ സഹമന്ത്രി ശ്രീ അജയ് ഭട്ടാണ് ഈ വിവരങ്ങൾ അറിയിച്ചത്.

# എഫ്. ആർ. പി കോഴ്സിന് അപേക്ഷ ക്ഷണിച്ചു

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്ക് കോളേജിൽ നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള ഫൈബർ റീ ഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് (എഫ്. ആർ. പി) കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി / തത്തുല്യ കോഴ്സും ഐ.ടി.ഐയിൽ (മെഷിനിസ്റ്റ്, ഫിറ്റർ, പ്ലാസ്റ്റിക് പ്രൊസസ്സിംഗ് ഓപ്പറേറ്റർ, ഫൗൺറി മാൻ, ടൂൾ & ഡൈമേക്കർ (ജിഗ്സ് ആന്റ് ഫിക്സ്ച്ചേർസ്), ടൂൾ & ഡൈമേക്കർ (ഡൈസ് & മോൾഡ്) എന്നീ ട്രേഡുകൾ പാസായവരോ റ്റി.എച്ച്.എസ്.എൽ.സിയിൽ ഫിറ്റിംഗ്/ കാർപെന്ററി/ ടർണിംഗ് ട്രേഡ് പാസായവരോ ആയിരിക്കണം. അപേക്ഷഫോം 60 രൂപ (എസ്.എസി, എസ്.റ്റി വിഭാഗക്കാർക്ക് 30 രൂപ) നിരക്കിൽ സെൻട്രൽ പോളിടെക്നിക് കോളേജ് ഓഫീസിൽ നിന്നും ലഭിക്കും. ഉയർന്ന പ്രായപരിധി 25 വയസ്സ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 15 വൈകിട്ട് നാല് മണി. കൂടുതൽ വിവരങ്ങൾക്ക്: www.cp-t.a-c.in.

മിഷൻ ഒളിമ്പിക്സ് സെല്ലിലെ മുൻ അന്താരാഷ്ട്ര കായിക താരങ്ങളുടെ എണ്ണം കായിക മന്ത്രാലയം ഇരട്ടിയായി വർദ്ധിപ്പിച്ചു ; പുതുതായി തെരഞ്ഞെടുക്കപ്പെട്ടവരിൽ ശ്രീമതി അഞ്ജു ബോബി ജോർജ്ജും ഉൾപ്പെടുന്നു

നവീകരിച്ച മിഷൻ ഒളിമ്പിക്സ് സെല്ലിലെ കോർ അംഗങ്ങളായുള്ള മുൻ അന്താരാഷ്ട്ര കായിക താരങ്ങളുടെ എണ്ണം യുവജനകാര്യ കായിക മന്ത്രാലയം ഇരട്ടിയാക്കി. കായിക താരങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി സംവിധാനത്തെ നവീകരിക്കുന്നതിന്റെ ഭാഗമായാണ് നീക്കം

മന്ത്രാലയത്തിന്റെ ടാർഗെറ്റ് ഒളിമ്പിക്സ് പോഡിയം (ടോപ്സ്) പദ്ധതി വഴി ഇന്ത്യയുടെ ഒളിമ്പിക്സ് തയ്യാറെടുപ്പുകൾക്ക് നേതൃത്വം നൽകുന്നത് ങഛഇ ആണ്. അന്താരാഷ്ട്ര കായിക വേദികളിൽ രാജ്യത്തിന്റെ മെച്ചപ്പെട്ട പ്രകടനത്തിന് വേഗം കൂട്ടുന്നത് ലക്ഷ്യമിട്ടാണ് നടപടി. 2020 ലെ ടോക്കിയോ ഒളിമ്പിക്സിൽ 7 മെഡലുകളും, പാരാ ഒളിമ്പിക്സിൽ 19 മെഡലുകളും നേടിയ കായിക താരങ്ങളുടെ പരിശീലനം അടക്കമുള്ളവയെ നിലവിലെ മിഷൻ ഒളിമ്പിക്സ് സെല്ലിൽ അംഗങ്ങളായുള്ള മുൻ കായികതാരങ്ങളുടെ സംഭാവനകൾ വലിയതോതിൽ സഹായിച്ചതായി യുവജനകാര്യ കായിക മന്ത്രി ശ്രീ അനുരാഗ് സിംഗ് ഠാക്കൂർ വിലയിരുത്തി.

# ഊർജ്ജ സംരക്ഷണ പക്ഷാചരണം സംസ്ഥാനതല ചിത്രരചന മത്സരം അഞ്ചിന്

ദേശീയ ഊർജ്ജ സംരക്ഷണ പക്ഷാചരണത്തിന്റെ ഭാഗമായി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെയും, കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെയും നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി നടത്തുന്ന ചിത്രരചനാ മത്സരത്തിന്റെ സംസ്ഥാനതല മത്സരങ്ങൾ ഡിസംബർ അഞ്ചിന് നടക്കും. എനർജി മാനേജ്മെന്റ് സെന്റർ, എൻ. ടി. പി. സി കായംകുളം, പൊതു വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് മത്സരം സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തെ 41 വിദ്യാഭ്യാസ ജില്ലാ കേന്ദ്രങ്ങളിലായി പതിനാലായിരത്തിലധികം കുട്ടികൾ മത്സരത്തിൽ പങ്കെടുക്കും. സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷിക ദിനാചരണത്തോടനുബന്ധിച്ച് നടക്കുന്ന 'ആസാദി കാ അമൃത് മഹോത്സവ'ത്തിന്റെ ഭാഗമായി ഈ വർഷം 'എനർജി എഫിഷ്യന്റ് ഇന്ത്യ, ക്ലീനർ പ്ലാനറ്റ്' എന്ന വിഷയത്തിലാണ് മത്സരം നടക്കുക. മത്സരങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം അഞ്ചിനു രാവിലെ 10.30ന് തിരുവനന്തപുരം വഴുതക്കാട് കോട്ടൺഹിൽ എച്ച്. എസ്. എസിൽ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിക്കും. മേയർ ആര്യ രാജേന്ദ്രൻ മുഖ്യാതിഥിയാകും.

# ബി.എസ്.സി നഴ്സിംഗ് ആൻഡ് പാരാമെഡിക്കൽ രണ്ടാംഘട്ട അലോട്ട്മെന്റ്

ബി.എസ്സ്.സി നഴ്സിംഗ് ആൻഡ് പാരാമെഡിക്കൽ കോഴ്സുകളിലേക്ക് അപേക്ഷ സമർപ്പിച്ചവരുടെ രണ്ടാംഘട്ട അലോട്ട്മെന്റ് www.l-b-sc-e-tnr-e.k-er-a-l-a.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ടെടുത്ത ഫീപെയ്മെന്റ് സ്ലിപ്പ് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽ ഹാജരാക്കി ഡിസംബർ ആറിനകം നിർദ്ദിഷ്ട ഫീസ് ഒടുക്കണം. ഓൺലൈനായും ഫീസ് ഒടുക്കാം. അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർ അവരുടെ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകൾക്ക് പരിഗണിക്കപ്പെടേണ്ടതില്ലെങ്കിൽ അവ ഓപ്ഷൻ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യണം. ഫീസ് അടയ്ക്കാത്തവർക്ക് അലോട്ട്മെന്റ് നഷ്ടപ്പെടുകയും അവരുടെ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതുമല്ല. ഫീസ് അടച്ചവർ കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടതില്ല. മൂന്നാം ഘട്ട അലോട്ട്മെന്റിലേക്കുള്ള ഓപ്ഷൻ പുനഃക്രമീകരണം ഡിസബർ 7 മുതൽ ഡിസംബർ 9 അഞ്ചു മണി വരെ. കൂടുതൽ വിവരങ്ങൾക്ക്: 0471 2560363,64.



ലോക ഭിന്നശേഷി ദിനാചരണ ഉദ്ഘാടനവും സഹായ ഉപകരണ വിതരണവും രാമവർമ ക്ലബ് ഓഡിറ്റോറിയത്തിൽ മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കുന്നു

# ക്ലാസ്മുറിക്കപ്പുറമുള്ള അറിവ് വിദ്യാർഥികളിലെത്തിക്കാൻ നൂതന പദ്ധതികൾ നടപ്പാക്കും: മന്ത്രി വി. ശിവൻകുട്ടി

ക്ലാസമുറികൾക്കപ്പുറമുള്ള അറിവ് വിദ്യാർഥികളിലെത്തിക്കാൻ നൂതന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുമെന്നു പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. കൈറ്റ് വിക്റ്റേഴ്സ് ചാനലിൽ പുതുതായി സംപ്രേഷണം തുടങ്ങുന്ന 10 പരമ്പരകൾ ഈ ലക്ഷ്യംവച്ചുള്ളതാണെന്നും മന്ത്രി പറഞ്ഞു. കൈറ്റ് വിക്ടേഴ്സിലെ പുതിയ പരമ്പരകളുടെ ഉദ്ഘാടനവും 'തിരികെ വിദ്യാലയത്തിലേക്ക്' ഫോട്ടോഗ്രഫി മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനദാനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മതേതര ചിന്തകളും ഭരണഘടനാ മൂല്യങ്ങളും ലിംഗസമത്വവും ശാസ്ത്രീയ സമീപനവുമെല്ലാം ഉയർത്തിപ്പിടിക്കുന്നതിൽ ഊന്നൽ നൽകിയാകും പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കുകയെന്നു മന്ത്രി പറഞ്ഞു. അക്കാദമിക് തലത്തിലുള്ള പാഠപുസ്തകങ്ങൾ മാത്രമല്ല, ഓരോ രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരുടെ അനുഭവങ്ങളും വിജ്ഞാനവുംകൂടി വിദ്യാർഥികൾക്കു പകർന്നു നൽകിയാലേ വിദ്യാഭ്യാസം പൂർത്തിയാകൂ. ഇതു മുൻനിർത്തി നാനാതുറകളിലുള്ള വിദഗ്ധരുടെ അനുഭവങ്ങൾ വിദ്യാർഥികൾക്കു ലഭ്യമാക്കുന്നതിനുള്ള ശ്രമം വിദ്യാഭ്യാസ വകുപ്പ് നടത്തുകയാണ്.

കോവിഡ്കാലത്ത് ആഗോളതലത്തിൽ വിദ്യാഭ്യാസ മേഖലയടക്കം പകച്ചുനിന്നപ്പോൾ കേരളത്തിലെ കുട്ടികൾക്കു വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനു കൈറ്റ് വിക്ടേഴ്സ് ചാനൽ നൽകിയ കൈത്താങ്ങ് വലുതാണെന്നു മന്ത്രി പറഞ്ഞു. കൈറ്റ് വിക്ടേഴ്സിന് വലിയശാലയിൽ കുടുതൽ സൗകര്യങ്ങളോടെ പുതിയ ആസ്ഥാന മന്ദിരം നിർമിക്കും. സ്കൂൾ വിക്കിയിൽ മികച്ച രീതിയിൽ പേജുകൾ തയാറാക്കുന്ന സ്കൂളുകൾക്ക് സംസ്ഥാനതലത്തിൽ പുരസ്കാരങ്ങൾ നൽകും. ഒന്നാം സമ്മാനമായി 1.5 ലക്ഷം രൂപയും രണ്ടും മൂന്നും സമ്മാനങ്ങളായി യഥാക്രമം ഒരു ലക്ഷം, 75000 രൂപ വീതവും നൽകും. ജില്ലാതലത്തിൽ ഒന്നു മുതൽ മൂന്നുവരെ സ്ഥാനക്കാർക്ക് യഥാക്രമം 25000, 15000, 10000 രൂപ വീതം നൽകുമെന്നും മന്ത്രി അറിയിച്ചു.

കോവിഡ് കാലത്ത് രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ ഡിജിറ്റൽ വിദ്യാഭ്യാസം നടത്തിയ സംസ്ഥാനമെന്ന ഖ്യാതി നേടാൻ കേരളത്തിനു കഴിഞ്ഞതായി ചടങ്ങിൽ പങ്കെടുത്ത ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി പറഞ്ഞു.

കംപ്യൂട്ടർ സാങ്കേതികവിദ്യയുടെ തുടക്കംമുതൽ വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് അതിനെ എത്തിക്കാൻ കഴിഞ്ഞതിന്റെ നേട്ടംകൂടിയാണിത്. 'തിരികെ സ്കൂളിലേക്ക്' എന്ന പേരിൽ നടത്തിയ ഫോട്ടോഗ്രഫി മത്സരങ്ങളുടെ മാതൃകയിൽ വിദ്യാർഥികളുടെ സൃഷ്ടിപരമായ കഴിവിനെ സർഗാത്മകമായി പ്രയോജനപ്പെടുത്താൻ തുടർന്നും കഴിയണം. മയക്കുമരുന്ന് അടക്കമുള്ള തെറ്റായ പ്രവണതകളിലേക്കു കുട്ടികൾ പോകുന്നതു തടയാൻ ഇതു സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

അയ്യങ്കാളി ഹാളിൽ നടന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് അധ്യക്ഷത വഹിച്ചു. മുൻ ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്, പ്ലാനിങ് ബോർഡ് മുൻ അംഗം ഡോ. ബി. ഇക്ബാൽ, പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ. ജീവൻ ബാബു, ശാസ്ത്ര എഴുത്തുകാരൻ വൈശാഖൻ തമ്പി, എഴുത്തുകാരി നേഹ സി. തമ്പാൻ, കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്ത്, സീനിയർ ക്രിയേറ്റീവ് എഡിറ്റർ കെ. മനോജ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

# യാത്രക്കാരെ സുരക്ഷിതമായി വരവേൽക്കാൻ ആരോഗ്യ വകുപ്പ് സജ്ജമെന്ന് വീണാ ജോർജ്

തിരുവനന്തപുരം: ലോകത്ത് പല രാജ്യങ്ങളിലും ഒമിക്രോൺ സ്ഥിരീകരിച്ച സാഹചര്യത്തിൽ യാത്രക്കാരെ സുരക്ഷിതമായി വരവേൽക്കാൻ ആരോഗ്യ വകുപ്പ് സജ്ജമാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

വളരെ നേരത്തെ രോഗബാധിതരെ കണ്ടെത്തുന്നതിനും അവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കാനും അതിലൂടെ രോഗ വ്യാപനം തടയുകയുകയുമാണ് ലക്ഷ്യം. വിദേശ രാജ്യങ്ങളിൽ നിന്നും എത്തുന്നവരിൽ പോസിറ്റീവാകുന്നവരെ ആശുപത്രികളിലെ പ്രത്യേക വാർഡിലേക്കും റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്നവരിൽ നെഗറ്റീവാകുന്നവരെ ഹോം ക്വാറന്റൈലേക്കുമാണ് മാറ്റുന്നത്. അല്ലാത്തവർക്ക് സ്വയം നിരീക്ഷണമാണ്. വിമാനത്തിൽ കയറുന്നത് മുതൽ എയർപോർട്ടിലും വീട്ടിലേക്ക് പോകുമ്പോഴും വീട്ടിലെത്തിയ ശേഷവും ജാഗ്രത തുടരേണ്ടതാണെന്നും മന്ത്രി വ്യക്തമാക്കി.

എയർപോർട്ടുകളിൽ യാത്രക്കാരുടെ ആർടിപിസിആർ പരിശോധനയ്ക്കും ആരോഗ്യ നില വിലയിരുത്തുന്നതിനും കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. യാത്രക്കാരുടെ എണ്ണത്തിനനുസരിച്ച് എയർപോർട്ടുകളിൽ അഞ്ച് മുതൽ 10 വരെ കിയോസ്കുകൾ ഒരുക്കുന്നതാണ്.

പിപിഇ കിറ്റ് ധരിച്ച് എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചാണ് ആരോഗ്യ പ്രവർത്തകർ സേവനം നൽകുക. ഗർഭിണികൾ, പ്രസവം കഴിഞ്ഞ അമ്മമാരും കുഞ്ഞുങ്ങളും, 10 വയസിന് താഴെയുള്ള കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് ഗുരുതര രോഗമുള്ളവർ, വയോജനങ്ങൾ, ഇവരുമായി വരുന്ന കുടുംബാംഗങ്ങൾ എന്നിവർക്ക് പരിശോധനയ്ക്ക് മുൻഗണന നൽകുന്നതാണ്. പോസിറ്റീവായവരെ സുരക്ഷാ മാനദണ്ഡങ്ങളോടെ ആംബുലൻസിൻ പ്രത്യേക വാർഡുകളിൽ എത്തിക്കുന്നതാണ്. ഇതിനായി 108 ആംബുലൻസുകൾ സജ്ജമാക്കിയിട്ടുണ്ട്. നെഗറ്റീവായവർക്ക് അവരുടെ വാഹനത്തിൽ വീടുകളിൽ ക്വാറന്റൈനിലേക്ക് പോകാവുന്നതാണ്. ആ വാഹനത്തിൽ ഡ്രൈവർ മാത്രമേ ഉണ്ടാകാൻ പാടുള്ളൂ.

യാത്രക്കാർ പുറകിലത്തെ സീറ്റിലിരിക്കണം. യാത്രക്കാരും ഡ്രൈവറും തമ്മിൽ നേരിട്ട് സമ്പർക്കം വരാതിരിക്കാൻ പ്ലാസ്റ്റിക്കോ മറ്റോ ഉപയോഗിച്ച് പാർട്ടീഷൻ ചെയ്യണം. ഡ്രൈവർ മാസ്കും ഫേസ് ഷീൽഡും ശരിയായ വിധം ധരിക്കണം. ഒരു കാരണവശാലും വാഹനം വഴിയിൽ നിർത്തി കടകളിലോ മറ്റോ കയറരുത്. യാത്രക്കാരെ എത്തിച്ച ശേഷം വാഹനം സാനിറ്റൈസ് ചെയ്യണം. ക്വാറന്റൈനിലുള്ളവർ വീട്ടിൽ പ്രത്യേകമായി ടോയിലറ്റ് സൗകര്യമുള്ള മുറിയിൽ തന്നെ കഴിയണം. വായൂ സഞ്ചാരം കടക്കുന്ന മുറിയായിരിക്കണം. ക്വാറൻറൈനിലുള്ള കാലയളവിൽ ഒരു കാരണവശാലും മറ്റുള്ളവരുമായി സമ്പർക്കമുണ്ടാകരുത്.

ഏഴ് ദിവസം ക്വാറൻറൈനിൽ കഴിഞ്ഞ ശേഷം എട്ടാം ദിവസം ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം പരിശോധന നടത്തേണ്ടതാണ്. വീട്ടിൽ ക്വാറൻറൈനിൽ കഴിയുമ്പോൾ പോസിറ്റീവായാൽ വീട്ടിലുള്ള എല്ലാവരേയും പരിശോധിക്കുന്നതാണ്.

നെഗറ്റീവാണെങ്കിൽ വീണ്ടും ഏഴ് ദിവസം സ്വയം നിരീക്ഷിക്കണം. സ്വയം നിരീക്ഷണ സമയത്ത് ആൾക്കൂട്ടമുള്ള സ്ഥലങ്ങളിലോ ചടങ്ങുകളിലോ പോകരുത്. വീട്ടിലും പുറത്തും ശരിയായ വിധം മാസ്ക് ധരിക്കണം. എല്ലാവരും ജാഗ്രത പാലിച്ചാൽ ഒമിക്രോണെ പ്രതിരോധിക്കാനാകുമെന്നും മന്ത്രി വ്യക്തമാക്കി.

# വിവിധ മേഖലകളിൽ കേരളത്തിന്റെ മികച്ച പ്രകടനത്തെ അഭിനന്ദിച്ച് നീതി ആയോഗ്

സാമൂഹ്യ സുരക്ഷാ മേഖലകളിൽ കേരളത്തിന്റെ മികച്ച പ്രകടനത്തെ അഭിനന്ദിച്ച് നീതി ആയോഗ് അംഗം ഡോ. വിനോദ് കുമാർ പോൾ. വിവിധ മേഖലകളിൽ സംസ്ഥാനത്തിന്റെ അനുഭവങ്ങളും നേരിടുന്ന പ്രശ്നങ്ങളും ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് അദ്ദേഹം കേരളത്തിന്റെ നേട്ടങ്ങളെ പ്രകീർത്തിച്ചത്.

സാമൂഹ്യ, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ കേരളം ഏറെ മുൻപന്തിയിലാണ്. സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ മികച്ച നേട്ടമാണ് കേരളം കൈവരിച്ചത്. ഇതിനു പിന്നിൽ പ്രവർത്തിച്ച മുഖ്യമന്ത്രിയെയും സംസ്ഥാന സർക്കാരിനെയും ഡോ. വിനോദ് കുമാർ പോൾ അഭിനന്ദിച്ചു.

കൃഷിയനുബന്ധ മൂല്യവർധിത ഉൽപന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ കേരളം ആസൂത്രണം ചെയ്യണമെന്ന് നീതി ആയോഗ് പ്രതിനിധികൾ അഭിപ്രായപ്പെട്ടു. മത്സ്യ സംസ്കരണ മേഖലയിലും ശ്രദ്ധയൂന്നണം. ഓയിൽ പാം മേഖലയെ ശക്തിപ്പെടുത്താൻ തെങ്ങു കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എട്ടു ജില്ലകൾ കേന്ദ്രീകരിച്ച് പ്രോത്സാഹന പദ്ധതി തയ്യാറാക്കണം. സുഗന്ധ വ്യഞ്ജന ഉത്പാദനം വർദ്ധിപ്പിക്കാനാവശ്യമായ ഇടപെടലിനു പിന്തുണ നൽകും. ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേരളം വിജ്ഞാന സമൂഹമായി മാറുമെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന അഭിനന്ദനാർഹമാണ്. ആ മേഖലയിൽ രാജ്യത്തിനു മാതൃകയാവുന്ന വിധത്തിൽ കൂടുതൽ സംഭാവന നൽകാൻ സാധിക്കണം. പ്രമേഹം, ഹൈപ്പർടെൻഷൻ, അമിതഭാരം എന്നിവ കേരളത്തിൽ കൂടിവരികയാണ്. സാംക്രമികേതര രോഗങ്ങൾ, ജീവിതശൈലി രോഗങ്ങൾ എന്നിവ നിയന്ത്രിക്കാൻ സവിശേഷമായ പദ്ധതികൾ ആവിഷ്ക്കരിക്കണമെന്നും ഡോ. വി. കെ. പോൾ അഭിപ്രായപ്പെട്ടു.

എയിംസിന് അനുമതി ലഭ്യമാക്കാൻ നീതി ആയോഗ് പിന്തുണയ്ക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രവാസികൾക്കുള്ള പദ്ധതികൾ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കൽ, കണ്ണൂർ വിമാനത്താവളത്തിൽ കാർഗോ ഫ്ളൈറ്റ്, വിവിധ റെയിൽ പദ്ധതികൾക്കുള്ള അനുമതികൾ എന്നിവയിലും അനുകൂല സമീപനം ഉണ്ടാവണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ. വി. കെ രാമചന്ദ്രൻ, ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയ്, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. എം. എബ്രഹാം, നീതി ആയോഗ് സീനിയർ അഡ്വൈസർ ഡോ. നീലം പട്ടേൽ, അഡ്വൈസർ സുധീർ കുമാർ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗങ്ങൾ, വിവിധ വകുപ്പ് സെക്രട്ടറിമാർ തുടങ്ങിയവർ സംസാരിച്ചു.

# വ്യവസായ സ്ഥാപനങ്ങളിലെ കേന്ദ്രീകൃത പരിശോധന; ഇതുവരെ രജിസ്റ്റർ ചെയ്തത് അഞ്ച് ലക്ഷം സ്ഥാപനങ്ങൾ

വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനകൾ സുതാര്യമാക്കുന്നതിനു വ്യവസായ വകുപ്പ് നടപ്പിലാക്കിയ കേന്ദ്രീകൃത പരിശോധനാ സംവിധാനമായ കെസിസിന് കീഴിൽ ഇതിനകം രജിസ്റ്റർ ചെയ്തത് അഞ്ച് ലക്ഷം സ്ഥാപനങ്ങൾ. ഈ സ്ഥാപനങ്ങളിൽ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി കെസിസ് പോർട്ടലിലൂടെയാണ് നടത്തുക.

ചട്ടങ്ങളിൽ അനുശാസിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരിശോധനകൾ സുതാര്യമായി നടത്തുന്നതിനായി രൂപീകരിച്ച കെസിസ് സംവിധാനത്തിലൂടെ 1,387 പരിശോധനകൾ ഇതിനകം പൂർത്തിയാക്കി.

സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപുള്ള പരിശോധന, പതിവ് പരിശോധന, പരാതിയുടെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധന എന്നിവയെല്ലാം ഈ സംവിധാനത്തിന് കീഴിലാണ് വരുന്നത്.

പരിശോധന ഷെഡ്യൂൾ വെബ് പോർട്ടൽ സ്വയം തയ്യാറാക്കും. ഇതിന് പുറമെ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥരെ പോർട്ടൽ തന്നെ തിരഞ്ഞെടുക്കും.

ഒരു സ്ഥാപനത്തിൽ ഒരേ ഇൻസ്പെക്ടർ തുടർച്ചയായി രണ്ട് പരിശോധനകൾ നടത്തുന്നില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യും. സ്ഥാപനത്തിന് മുൻകൂട്ടി എസ്.എം.എസ് അല്ലെങ്കിൽ ഇമെയിൽ മുഖേന അറിയിപ്പ് നൽകിയായിരിക്കും കെസിസ് വഴിയുള്ള പരിശോധന. പരിശോധനക്ക് ശേഷം അത് സംബന്ധിച്ച റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ കെ സിസ് പോർട്ടലിൽ പ്രസിദ്ധീകരിക്കും.

കഴിഞ്ഞ ജൂലൈ 30ന് ഉദ്ഘാടനം ചെയ്ത് നാല് മാസത്തിനുള്ളിലാണ് ഇത്രയും സ്ഥാപനങ്ങൾ കെസിസിന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്.

സ്ഥാപനങ്ങളിൽ പരിശോധന നടത്താൻ നിയമം മൂലം ചുമതലപ്പെട്ട മറ്റ് വകുപ്പുകളും ഏജൻസികളും കൂടി കെസിസ് സംവിധാനത്തിന്റെ കീഴിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

# വാർഡ് ബോയ് താത്കാലിക് ഒഴിവ്

കഴക്കൂട്ടം സൈനിക സ്കൂളിലെ വാർഡ് ബോയ് തസ്തികയിലെ താത്കാലിക ഒഴിവിലേക്കുള്ള വാക് ഇൻ ഇന്റർവ്യൂ ഡിസംബർ 15ന് രാവിലെ 9ന് നടക്കും. പത്താം ക്ലാസ് പാസായിട്ടുള്ളതും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുള്ളവരുമായ ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മാസം 21,000 രൂപ ശമ്പളം ലഭിക്കും.

# സേ പരീക്ഷ ഹാൾടിക്കറ്റ്

ഡിസംബർ ആറിന് ആരംഭിക്കുന്ന പത്താംതരം തുല്യതാ സേ പരീക്ഷയുടെ ഹാൾടിക്കറ്റ് പരീക്ഷാകേന്ദ്രത്തിൽ നിന്നും പരീക്ഷാർഥികൾ വാങ്ങണമെന്ന് പരീക്ഷാഭവൻ സെക്രട്ടറി അറിയിച്ചു.

# റോഡുകളുടെ പരിപാലന കാലാവധി പ്രദർശിപ്പിക്കുന്നത് പൊതുമരാമത്ത് പ്രവർത്തനങ്ങളിൽ വലിയ മാറ്റമുണ്ടാക്കും : മന്ത്രി പി.എ മുഹമ്മദ് റിയാസ്

പൊതുമരാമത്ത് പ്രവൃത്തികളുടെ പരിപാലന കാലാവധി (ഡിഫെക്ട് ലൈബിലിറ്റി പിരീഡ് ഡി.എൽ.പി) ബോർഡുകൾ പൊതുജനങ്ങളുടെ അറിവിലേക്കായി സംസ്ഥാനത്ത് ഉടനീളം സ്ഥാപിക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഭാവിയിൽ വലിയ മാറ്റങ്ങൾ വരുത്തുമെന്ന് പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസ്.

ബോർഡുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം മാസ്കറ്റ് ഹോട്ടലിൽ നടൻ ജയസൂര്യയുമായി ചേർന്നു നിർവഹിക്കുകയായിരുന്നു മന്ത്രി.

പി.ഡബ്ല്യു.ഡി മാനുവൽ പ്രകാരമാണു പരിപാലന കാലാവധി നിലവിൽ വന്നിട്ടുള്ളത്. പൊതുമരാമത്ത് ഉത്തരവുപ്രകാരം പുതിയ ബി.എം.ബി.സി റോഡുകൾക്ക് മൂന്ന് വർഷവും, അതല്ലാത്ത റോഡുകൾക്ക് രണ്ടു വർഷവും, ഉപരിതലത്തിൽ മാത്രം ബി.എം.ബി.സി ഉപയോഗിച്ച റോഡുകൾക്ക് രണ്ടു വർഷവും, അറ്റകുറ്റപ്പണികൾക്ക് ആറ് മാസവും പരിപാലന കാലാവധി ഉണ്ടാകും.

ഈ കാലയളവിനുള്ളിൽ റോഡുകൾക്ക് തകരാർ സംഭവിച്ചാൽ റോഡുകളിൽ സ്ഥാപിക്കുന്ന പരിപാലന കാലാവധി സംബന്ധിച്ച് ബോർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കരാറുകാരന്റേയും അറ്റകുറ്റപ്പണികൾ നടത്താൻ ബാധ്യസ്ഥനായ എൻജിനീയറുടെയും ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് ജനങ്ങൾക്ക് റോഡ് പരിപാലനം ഉറപ്പാക്കാം.

പൊതുമരാമത്ത് വകുപ്പിന്റെ ടോൾഫ്രീ നമ്പറിൽ വിളിച്ചും പരിപാലന കാലാവധി സംബന്ധിച്ച കാര്യങ്ങൾ ജനങ്ങൾക്ക് ശ്രദ്ധയിൽപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് പങ്കാളിത്തം നല്കുന്ന നടപടിയാണിത്. പൊതുജനം ഈ ഉത്തരവാദിത്തം ഏറ്റെടുക്കണം.

വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമായും സമയബന്ധിതമായും കാര്യക്ഷമമായും നടപ്പാക്കാൻ മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും എൻജിനീയർമാരുമടങ്ങുന്ന മിഷൻ ടീം രണ്ടാഴ്ച കൂടുമ്പോൾ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ടെന്നും ജില്ലാതലത്തിൽ കളക്ടർ ചെയർമാനും റോഡ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറുമായ ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോർഡിനേഷൻ കമ്മിറ്റി (സി.ഐ.സി.സി) കഴിഞ്ഞ നാലുമാസമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. മഴക്കാലത്തും നല്ല രീതിയിൽ റോഡുകൾ പരിപാലിക്കപ്പെടണമെന്ന് നടൻ ജയസൂര്യ പറഞ്ഞു.

പൊതുമരാമത്ത് വകുപ്പ് കൈക്കൊള്ളുന്ന നടപടികളിൽ വലിയ പ്രതീക്ഷയുണ്ടെന്നും തകരാറിലായ റോഡുകളെ സംബന്ധിച്ച് ജനങ്ങൾക്ക് ഇടപെടൽ നടത്താൻ ഡി.എൽ.പി. ബോർഡുകളിലൂടെ സാധ്യമാകുമെന്നും അദ്ദേഹം പറഞ്ഞു.

വി.കെ പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിച്ചു. മേയർ ആര്യ രാജേന്ദ്രൻ മുഖ്യാതിഥിയായി പങ്കെടുത്തു. വകുപ്പ് സെക്രട്ടറി ആനന്ദ് സിംഗ്, ജോയിന്റ് സെക്രട്ടറി സാംബശിവ റാവു, കൗൺസിലർ ഡോ. റീന കെ.എസ്, ചീഫ് എൻജിനീയർ അജിത് രാമചന്ദ്രൻ എന്നിവർ പങ്കെടുത്തു.

# വൊക്കേഷണൽ ട്രെയിനിങ് സെന്ററിൽ സീറ്റ് ഒഴിവ്

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിന് കീഴിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ഒരു വർഷം ദൈർഘ്യമുള്ള കെ.ജി.റ്റി.ഇ പ്രീ പ്രസ് ഓപ്പറേഷൻ, പ്രസ് വർക്ക് എന്നീ കോഴ്സുകളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ പത്താം ക്ലാസ് പാസായിരിക്കണം. അപേക്ഷ ഫോറം www.si-tttr-k-er-a-l-a.a-c.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

പൂരിപ്പിച്ച അപേക്ഷ സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, അപേക്ഷ ഫീസ് ( 10 രൂപ ) എന്നിവ സഹിതം സെൻട്രൽ പോളിടെക്നിക് കോളേജിന്റെ ഓഫീസിൽ സമർപ്പിക്കണം.

# കരുപ്പൂര് സ്കൂൾ ഓഡിറ്റോറിയം ഉദ്ഘാടനം അഞ്ചിന്

നെടുമങ്ങാട് കരുപ്പൂര് ഗവൺമെന്റ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനം ഡിസംബർ അഞ്ചിനു വൈകിട്ട് 3.30ന് പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. 25 ലക്ഷം രൂപ ചെലവിലാണു സ്കൂളിൽ പുതിയ ഓഡിറ്റോറിയം നിർമിച്ചത്. സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ അധ്യക്ഷത വഹിക്കും. അടൂർ പ്രകാശ് എം.പി. മുഖ്യാതിഥിയായി പങ്കെടുക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.